സുപ്രസിദ്ധമായ ഗുരുവായൂർ മഹാക്ഷേത്രത്തിൽവെച്ചു പതിന്നാല് പതിനഞ്ച് കൊല്ലത്തോളമായി ശ്രീ മഹാഭാഗവതപുരാണം വായിച്ചു എത്രയും ലളിതമായി പ്രസംഗരീതിയിൽ വ്യാഖ്യാനിച്ചുവരുന്ന ഒരു ഭക്തശിരോമണിയാകുന്നു ഇദ്ദേഹം. ഭഗവദ്ദർശനത്തിന്നുവേണ്ടി ഞാൻ ഗുരുവായൂക്ക് പോകുന്ന അവസരങ്ങളിലെല്ലാം ഇദ്ദേഹത്തിൻെറ വായന കേൾക്കുക പതിവാണ്. ഈ വായന ഒരിക്കൽ കേൾക്കുവാൻ സംഗതി വന്നവക്കെല്ലാം അതു് പിന്നേയും പിന്നേയും കേൾക്കേണമെന്നുള്ള മോഹം ഉണ്ടാകാതെ വരികയില്ല. ഈശ്വരവിഷയത്തിൽ യാതൊരു ശ്രദ്ധയും ഇല്ലാത്തവർക്കുടി ഇദ്ദേഹത്തിൻെറ വായനയിൽ വളരെ ശ്രദ്ധയുള്ളവരായി കണ്ടിട്ടുണ്ട്. ഈ മഹാൻെറ അനന്യസാധാരണമായ വാചാലതയും പുരാണപരിചയവും ഗുരുവായൂരപ്പനിൽ പരമപ്രേമത്തോടുകൂടിയ ദൃഢഭക്തിയും ശ്രോതാക്കളെ എങ്ങിനെയാണ് ആകഷിക്കാതിരിക്കുക? ഞാനും ഈ നിർവ്യാജഭക്തനുമായി പരിചയപ്പെട്ടിട്ടു ഇപ്പോഴക്ക് അഞ്ചു കൊല്ലത്തിലധികമായി. അന്നുമുതൽക്ക് ഇന്നെവരെ എനിക്ക് ഇദ്ദേഹത്തിൽ ആദരവും ബഹുമാനവും ഭക്തിയും വദ്ധിച്ചുകൊണ്ടെ ഇരിക്കുന്നു. കേരളത്തിൻെറ നാനാ ഭാഗങ്ങളിൽനിന്നും കുറെകാലമായി ഗുരുവായൂർ ക്ഷേത്രത്തിൽ എത്തിക്കൂടുന്ന ജനസംഖ്യ വദ്ധിച്ചുവരുനാതിൻെറ കാരണം ഇദ്ദേഹത്തിൻെറ ഭാഗവതവായനയുടെ മാഹാത്മ്യം തന്നെയാകുന്നു എന്ന് ആ വായനയിൽ പങ്കുകൊള്ളുന്നവക്കെല്ലാം അറിയാവുന്നതാണ്. വളരെ അവിശ്വാസികളായ വിദ്വാന്മാരുംക്രുടി കൃഷ്ണഭക്തിലഹരി പിടിച്ച് സ്വദേശത്തേക്കു മടങ്ങുകയും അവർ രണ്ടാമതു വരുമ്പോൾ ഈ ഭക്തിരസം അനുഭവിക്കുവാൻ സ്നേഹിതന്മാരെ കൂട്ടിക്കൊണ്ടുവരികയും ചെയ്യു പതിവായിരിക്കുന്നു. ഇതു ആകർഷണശക്തി ഇദ്ദേഹത്തിന്നുണ്ടായതു് തൻെറ സർവ്വസ്വമായി കരുതിവരുന്ന ഗുരുവായൂരപ്പൻെറ കടാക്ഷംമൂലം മാത്രമാകുന്നു.

നാറേരിമനക്കലെ കുഞ്ഞിക്കാവ് നമ്പൂതിരിപ്പാടായിരുന്നു ഇതിന്നുമുമ്പ് ഈ മഹാകൃത്യം നിവ്വഹിച്ചുവന്നിരുന്നതെന്ന് പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്. അദ്ദേഹത്തിൻെറ വായന കേട്ടു ഭക്തിരസം അനുഭവിച്ചിട്ടുള്ളവർ ഇപ്പോഴും ഉണ്ട്. ഇതി

ന്നം മുമ്പ് ഗുരുവായൂരപ്പൻെറ ദിവ്യശക്തിയും മാഹാത്മ്യവും ഭക്തവാത്സല്യവും ലോകപ്രസിദ്ധമാക്കിത്തീൎത്ത മേപ്പത്തൂർ നാരായണഭട്ടതിരി, പൂന്താനത്ത് നമ്പൂതിരി, വില്വമംഗലത്ത് സ്വാമിയാർ മുതലായവരുടെ യശസ്സ് അവരുടെ വിശിഷ്ടസ്തോത്രങ്ങളിലും അവരേക്കുറിച്ചു പറഞ്ഞുവരുന്ന ഐതിഹ്യങ്ങളിലും പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ടല്ലൊ. പ്രൗഢസ്തോത്രരത്നമായ നാരായണീയത്തിലും ലളിതഗാനമായ സന്താനഗോപാലം പാനയിലും മധുരമോഹനമായ ശ്രീകൃഷ്ണകൎണ്ണാമൃതത്തിലും നിറഞ്ഞൊഴുകിക്കൊണ്ടിരിക്കുന്ന ഭക്തിരസം വാഴകുന്നത്തു നമ്പൂതിരിയുടെ കൃതികളിലും പ്രകാശിച്ച് കേരളീയരെ പൂൎവ്വാധികം ഭക്തന്മാരാക്കിത്തീൎക്കുമെന്ന് നമുക്കാശിക്കാം. എന്തുകൊണ്ടെന്നാൽ, പുരാതനകാലംമുതൽക്കെ ഗുരുവായൂരപ്പൻ തൻെറ സ്വന്തം ആൾക്കാരായി നിയമിച്ചുപോരുന്ന ഭക്തന്മാരിൽ ഒരുവനായി ഈ വാഴകുന്നത്തു നമ്പൂതിരിയേയും നിയമിച്ചതാണെന്നു തോന്നുമാറ് ഒരു ദിവ്യശക്തി ഇദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടുകാണുന്നതുകൊണ്ടാകുന്നു.

ഇദ്ദേഹം കായക്ലേശവും മനക്ലേശവും സഹിച്ച്, നിത്യം കൃത്യസമയത്തു ക്ഷേത്രമ്പലത്തിൽ ഹാജരായി, പൊതുജനങ്ങളുടെ ഒരു ദാസനെന്ന മട്ടിൽ, ഭാഗവതവായന ശ്രദ്ധാഭക്തിയോടുകൂടി നടത്തിവരുന്നത് യാതൊരാളുടേയും ആജ്ഞകൊണ്ടോ, പ്രതിഫലേച്ഛകൊണ്ടോ, അല്ലെന്നു എനിക്കറിയാം. ലോകാനുഗ്രഹത്തിന്നായി സാക്ഷാൽ ഗുരുപവനപുരത്തിൽ സദാ ശോഭിച്ചുകൊണ്ടിരിക്കുന്ന ശ്രീകൃഷ്ണപരമാത്മാവിൻെറ പ്രേരണ ഒന്നു മാത്രമാണ് ഇദ്ദേഹത്തെ ഈവിധത്തിൽ പ്രോത്സാഹിപ്പിക്കുന്നതു എന്നതിന്നു സംശയമില്ല.

'കൃഷ്ണൻ' എന്ന വാക്കിന്നു ആകൎഷിക്കുന്നവൻ എന്നൊരൎത്ഥമുണ്ട്. ആ അൎത്ഥത്തിലാണ് ഭാഗവതപുരാണത്തിൽ കൃഷ്ണൻെറ അതിമധുരമായ രൂപവും ലീലയും ശക്തിയും ജ്ഞാനവും വൎണ്ണിച്ചിട്ടുള്ളതു്. 'കൃഷ്ണൻ' സൎവ്വാന്തൎയ്യാമിയായ പരമാത്മാവാണെന്നും സൎവ്വജീവജാലങ്ങളിലും ആത്മാവായി വിളങ്ങുന്നുണ്ടെന്നും, പക്ഷെ ആ ആത്മജ്ഞാനം സിദ്ധിക്കേണമെങ്കിൽ മനോമാലിന്യങ്ങൾ നിശ്ശേഷം നശിക്കേണമെന്നും അവരവരുടെ മനശ്ശുദ്ധിക്കനുസരിച്ചു ആത്മപ്രകാശം അനുഭവപ്പെടുമെന്നും മനസ്സങ്കല്പത്തിന്നു ദൃഢത വരുത്തുവാൻവേണ്ടി മാത്രമാകുന്നു ബ്രഹ്മത്തിന്നു രൂപകല്പന ചെയ്യുന്നതെന്നും കൃഷ്ണൻെറ രൂപം സൎവ്വമോഹനമാക്കി വൎണ്ണിച്ചിട്ടുള്ളതു് ഈ ഉദ്ദേശ്യത്തോടുകൂടിയാണെന്നും മററുമുള്ള തത്വങ്ങൾ ഭാഗവതകഥാപ്രസംഗത്തിൽ ഈ വാഴകുന്നത്തുനമ്പൂതിരി ഉപദേശിച്ചു ജ്ഞാനികളായവരേയും തൃപ്തിപ്പെടുത്താറുണ്ട്. ഇദ്ദേഹത്തിൻെറ വായന വളരെക്കാലം നിലനിന്നുപോരുവാനും പൊതുജനങ്ങളിൽ ഈശ്വരഭക്തി ദിനംപ്രതി വൎദ്ധിച്ചുവരുവാനും ഗുരുവായൂരപ്പനെ പ്രാൎത്ഥിച്ചുംകൊണ്ടു ഞാൻ ഈ ചെറിയ ഉപന്യാസത്തെ അവസാനിപ്പിക്കുന്നു.

ലോകാസ്സമസ്താസ്സുഖിനോഭവന്തു.

എ. വി. കെ. കൃഷ്ണമേനോൻ,

എം. ഏ., ബി. എൽ., എൽ. ടി.

# ബാലകൃഷ്ണൻ.

(വാഴകുന്നത്തു് വാസുദേവൻനമ്പൂതിരി.)

1. കാളിന്ദിയിലെഴും സാക്ഷാൽ ക്കാളിയൻെറ ഫണങ്ങളിൽ
മേളത്തിൽ കേളിയാടുന്ന നാളികാക്ഷൻ തുണയ്ക്കണം.

2. കുന്നികുണ്ഡലമായ്മാററി കുന്നിനേക്കുടയാക്കിനീ
കുനിയിൽച്ചേർത്തുസൗന്ദര്യം നന്നുനിന്നുടെ ചേഷ്ടിതം!

3. വിണ്ണിനും മണ്ണിനും നാഥനുണ്ണിഗോകുലസുന്ദരൻ
വെണ്ണ തിന്നുമടുത്തിട്ടോ മണ്ണശിച്ചതു കേവലം!

4. അമ്പിളിക്കീറതമ്പാടി ത്തമ്പുരാൻ കൈയ്യിലാക്കവേ
അമ്പരന്നിതു വാനോരും ചാമ്പൽപൂശുന്ന ദേവനും.

5. എണ്ണതേച്ചുകളിപ്പിച്ചും വെണ്ണ, പാലിവനൽകിയും
കണ്ണനേപ്പോററിയോരമ്മക്കെണ്ണിയെണ്ണിനമിപ്പുഞാൻ.

6. പെററമ്മവെണ്ണനൽകുമ്പോഴം തെററന്നാത്തിവളൻറുടൻ
മററേക്കയ്യിലുമെന്നോതും കററക്കാർവണ്ണനേഗതി.

7. ഉണ്ണിയാം ഗോകുലേശൻെറ മണ്ണണിഞ്ഞകളേബരം
കണ്ണിനാനന്ദമേകുന്നു പുണ്യവാന്മാക്കനാരതം.

8. നീലക്കാർ കുന്തലിൽഭംഗ്യാ പീലിക്കണ്ണൊന്നണച്ചുടൻ
പാലിനായ് വാശിയിൽപേശും ബാലനേക്കണ്ടിതാവു! ഞാൻ!!

9. ഉറിയിൽക്കണ്ണയച്ചിട്ടാ ച്ചെറിയോരിടയശ്ശിശു
കുറിതെററാതെചെയ്യുള്ളാ മറിമായങ്ങളോപ്പുഞാൻ.

10. വാരിയിൽക്കേളിയാടീടും വാരിജാക്ഷികഴം തൻതുകിൽ
വാരിക്കൊണ്ടോടുമെന്നുണ്ണി വാരിദാഭൻ തുണയ്ക്കണം.



## ഗുരുവായൂർ മഹാക്ഷേത്രം.

ഗുരുവായൂരമ്പലത്തെ സംബന്ധിച്ചുള്ള വ്യവഹാരത്തിൽ പുണ്യശ്ലോകനായ സാമൂതിരിമഹാരാജാവവർകൾക്ക് ഗുണകരമായ തീർപ്പിനെ ഹൈക്കോടതി നൽകീട്ടുള്ളതു് സുപ്രസിദ്ധമായ കാര്യമാണെന്നു പറയേണ്ടതില്ലല്ലോ.

# MY DREAM.

P. K. SREEMANA VIKRAMA RAJA, B. A., B. L.,

When the Principal of the Zamorin's College kindly requested me to contribute to the College Magazine I readily agreed without the slightest idea of what I should write to interest students in these abnormal times. Hosts of subjects flitted through my mind that night when I tried to sleep. Some were purely acadamical, others dreadfully antediluvian, and the rest so fashionably heretical as to procure me a cheap martyrdom. To all these I gave an emphatic no, and in my attempt to sleep I adopted the practical method of modulating my breaths to the long drawn snores of servants who were successfully sleeping downstairs. Gradually I passed into the subconscious state, and I was soon absorbed in the following happy dream ;—

Puthenkovilakam in Tiruvannur, where my great grand uncle Sir Manavikrama, K. C. S. I., the Zamorin of Calicut, received prominent visitors, presented a scene of great activity. Servants and attenders, Karyasthans and Nambudiris, bustled about and whispered in low tones. Mr. Logan was expected at 3 P. M. by the Zamorin. Punctually at the appointed time our popular Collector entered the beautifully decorated portico of the Kovilakam. I was asked by the Zamorin to receive Mr. Logan at the gate. The Collector had a genial smile towards all, and the gate-keepers salaamed out of love and true respect. He cordially shook hands with me, and I immediately took him to the spacious upstairs hall where my great grand uncle had just finished listening to Valmiki Ramayana read to him by a venerable grey-headed Sastri. After the usual talk about health, weather, and other kindred subjects the following interesting conversation took place between the Zamorin and Mr. Logan. I functioned as an interpreter to both.

Mr. Logan :—" When Your Highness founded the Kerala Vidya Sala first with the intention of giving English education to young princes like my friend, the interpreter, and then opened the portals of this institution to all caste Malayalees you showed the jenmies how well they could spend their money in opening similar institutions in other parts of this district."

Zamorin :—" By some cause or other, these jenmies have not chosen to follow my lead in this respect. Only the Government and the missionaries dared to found new Colleges in Malabar."

Mr. L :—" The only excuse I can find for the jenmies is that they might have foreseen that more colleges mean more unemployment in these days ".

Z :—" May I take it that like them you also prefer ignorant unemployed to educated unemployed ? "

Mr. L :—Your Highness would allow me to say that I want no unemployment in the country "

Z :—" Thank you. What is your programme for minimising unemployment in this district ? "

Mr. L :—" I would like to pool the idle capital of big manas, kovilakams, and other jenmi houses, and utilise them in constructive industries to provide work for the Malayalees.

Z :—" Your suggestion presupposes various necessary conditions for the attraction of unusually shy capital to industrial organisations. In the initial stages of all industry in your country as elsewhere, Governments provided ample protection by way of tariffs and subsidies to ward off foreign competition. This, you know, is the A. B. C. of practical economics. Before the capitalists are sure of such Government patronage how can your programme be popular among jenmies ? "

Mr. L :—" Your Highness has touched upon a subject which is beyond the control of Collectors. Industrial magnates arrange the policy for the British Cabinet, and the Government of India is subordinate to the Home Government.

Z : —" Now I see that the policy of the Government of India is beyond its control. But what would you, as a servant of the people, personally do to foster Indian industries if some adventurous jenmies start industries in spite of the economic policy of the Government ? Let me put to you a concrete example. I invite you to open special classes in Kerala Vaidya Sala to enable students to learn hand-spinning and hand-weaving. Would you participate in such a function, wear in public the cloth woven by my boys, and ask your English friends to purchase such cloth for their use ? "

Mr. L : —" Personally I am in sympathy with your Highness's plan. But in these days the Government attaches political significance to Indian hand-woven cloth, and I, as a Government official in the interests of discipline have a clear duty of respecting the wishes of my superiors "

Z :—" English sense of discipline is absolutely necessary for the growth of all organizations Government not being excepted. But don't you think that discipline is out of place in cases where your inner voice rightly prompts you to act in a particular way. I think that discipline is made for man and not man for discipline."

Mr. L :—" If your Highness is more charitable to the officials' point of view there would be common ground for discussion between us."

*Z* :—" I do not want to offend you in any way. Let me take up your plan of industrialising Malabar to provide employment for educated Malayalees. Do you want to start industries in Malabar not in competition with the industries of Great Britain ?"

Mr L :—" Great Britain is able to stand upon her own legs and she is not afraid of industrial competition from abroad. Your Highness knows that every country has its own Divine mission to fulfil. All cannot be industrialists in one line. Some have to produce raw materials and others have to turn these into finished products. God has made India mainly an agricultural country, and Great Britain a manufacturing country. The happiness of the world consists in every country doing the work ordained by God. I dare say your Highness, being a staunch Hindu, will appreciate this point of view.

Z :—" I am sorry you have to rake up the theory of Fatalism to justify existing state of affairs. It is a myth that staunch Hindus believed in any such theory. Their theory of Karma is comprehensive enough to allow individual or national striving for their betterment. Sri Ramachandra never sat idle in the forest. He strove and got back Sita from Lanka. Today my Sastri read this portion in the Ramayana.

Mr. L :—" If I am not standing between you and your rigorous daily routine I may be permitted to touch upon one important topic that has been troubling me all these days. I am sure to succeed if you co-operate with me.'

*Z* :—" In all good things you may count upon my sincere co-operation."

Mr. L : - "These days are witnessing a meaningless upheaval. Both my Government and the Congress are aspiring to lead India to the full glory of Dominion Status. Our only small difference is as to the pace of constitutional evolution. When such is the position it is rather a great pity that unwary students are made cat's-paws of by evil minded agitators to foster their nefarious plans."

*Z* :—" I am in perfect agreement with you. Some short-sighted congressmen are allowing students to join political demonstrations. I also hear that *agents provocateur* are at work in distracting students from their studies. I wish both congressmen and Government officials would leave the students free to continue their work.

Mr. L :—" I see your Highness is against students' taking an active part in the politics of the day."

Z :—" My ideal of a student is that he should be a true Brahmachari in the strict sense of the term. His first duty is to illumine his mind and to equip for the contests after his scholastic life. He must have his eyes and ears open. He must train himself to think independently. If colleges are green rooms in the theatre of life and if students are going to be the future citizens of our beloved coun-

try they must also undergo proper rehearsals. I think the college debating societies should provide the right type of rehearsals.

Mr. L :— " I wish your Highness write to Mr. Barrow to discountenance active participation of students in undesirable political demonstrations of the day".

Z :—" I wrote to Mr. Barrow last week about my view on " Students and Politics ". What do you say to my view as to students having their own way in discussing political matters in their debating societies ?

Mr. L :—" I may not now give an off hand opinion about your Highness's view before consultation with my superiors. Personally I have no objection in students discussing politics in their clubs. While I was a student in England I was secretary to my college debating society. In those days I invited Mr. Parnell, Mr. Gladstone and Mr. Kier Hardie and several other prominent politicians to preside in our clubs on several occasions ".

I had just finished interpreting Mr. Logan's last sentence when I was suddenly awakened by the loud sounds of pop guns that were fired early in the morning of the *Thalapoli* day in Tiruvannur.

[We had no idea pop-guns produced a " loud " noise. Ed.]

# മാളവികാഗ്നിമിത്രം

(ഒരു നിരൂപണം.)

(ഡി. രാമവാരിയർ, ശിരോമണി.)

കാളിദാസമഹാകവിയുടെ നാടകത്രയത്തിൽ വെച്ച് ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് മാളവികാഗ്നിമിത്രം. പ്രസ്തുതനാടകം കാളിദാസൻെറ കൃതിയല്ലെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ഈ അഭിപ്രായം സാധുവല്ലെന്നു സ്ഥാപിക്കുവാൻ ഇതിലെ കവിതാരീതിയും, ആശയചമൽക്കാരവും, പാത്രങ്ങളുടെ താദാത്മ്യവും തന്നെ ശരിയായ സാക്ഷ്യം വഹിക്കുന്നുണ്ട്.

നാടകത്തിലെഇതിവൃത്തം പ്രഖ്യാതമായിരിക്കണമെന്നാണ് ശാസ്ത്രസിദ്ധാന്തം എന്നാൽ മാളവികാഗ്നിമിത്രത്തിലെ ഇതിവൃത്തം ഏതു മൂലത്തെഅടിസ്ഥാനപ്പെടുത്തി എഴുതപ്പെട്ടിട്ടുള്ളതാണെന്നു അറിയുന്നില്ല. മൌര്യവംശത്തിലെ ഒടുവിലത്തെ രാജാവായ ബൃഹദ്രഥനെ അദ്ദേഹത്തിൻെറ സർവ്വസേനാധിപതിയായിരുന്ന പുഷ്പമിത്രൻ സ്ഥാനഭ്രഷ്ടനാക്കി രാജ്യം കൈവശപ്പെടുത്തിയെന്നും, പിന്നീട് പത്തോപതിനൊന്നോ തലമുറ പുഷ്പമിത്രൻെറ വംശം (ശുംഗവംശം) രാജ്യം വാണിരുന്നുവെന്നും വിഷ്ണുപുരാണത്തിലും വായുപുരാണത്തിലും പറഞ്ഞുകാണുന്നുണ്ട്. പുഷ്പമിത്രൻെറ മകൻ അഗ്നിമിത്രൻ; അഗ്നിമിത്രൻെറ പുത്രൻ വസുമിത്രൻ ഇങ്ങിനെ ആ വംശത്തിലെ രാജാക്കന്മാരുടെ പേരുകളല്ലാതെ അവരുടെ ചരിത്രത്തെപ്പററി യാതൊന്നും പുരാണത്തിൽ പ്രതിപാദിച്ചുകാണുന്നില്ല. അതിനാൽ മാളവികാഗ്നിമിത്രത്തിലെ ഇതിവൃത്തം വല്ല ഐതിഹ്യത്തേയും അടിസ്ഥാനപ്പെടുത്തി എഴുതിയതായിരിക്കണമെന്നു വിചാരിക്കുവാനേവഴിയുള്ളു. ഇനി ഐതിഹ്യം വഴിക്കോ മററൊ പ്രസ്തുതകഥ പ്രഖ്യാതമല്ലെങ്കിൽ കൂടി യാതൊരു വൈഷമ്യവുമില്ല. നാടകലക്ഷണങ്ങളിൽ ഇതിവൃത്തത്തെപ്പററി പറയുമ്പോൾ "പ്രഖ്യാത നായകോപേതം നാടകം" എന്നാണ് പറഞ്ഞിട്ടുള്ളതു്. നായകൻ പ്രഖ്യാതനായിരിക്കണമെന്നേ അതിന്നത്ഥം കല്പിക്കേണ്ടതുള്ളു. അതിനാൽ പ്രഖ്യാതനായ ഏതെങ്കിലും ഒരു നായകനെ ആലംബമായി സ്വീകരിച്ച് കഥ കെട്ടിയുണ്ടാക്കുന്നതിന്നും കവിക്ക് അധികാരമുണ്ട്. പ്രകൃതനാടകത്തിലെ നായകൻ പുരാണപ്രഖ്യാതനായതുകൊണ്ടു് സാഹിത്യശാസ്ത്രകാരന്മാരുടെ ദൃഷ്ടിയിൽ കവി കുററക്കാരനുമല്ല.

## ഇതിവൃത്തം.

ഉദ്ദേശം ക്രിസ്ത്വാബ്ദത്തിന്നു നൂററമ്പതു സംവത്സരങ്ങൾക്കുമുമ്പ് (2nd Century B. C.) വിദിശാനഗരത്തിൽ അഗ്നിമിത്രൻ എന്ന രാജാവു രാജ്യം ഭരിച്ചിരുന്നു. അദ്ദേഹത്തിന്നു "ധാരിണി" എന്നും, "ഇരാവതി"എന്നും രണ്ടു ഭാര്യമാരുണ്ടാ

യിരുന്നു. വിദിശയുടെ തെക്കേ അതിർത്തിയായ നർമ്മദാനദിയുടെ തീരത്തിൽ ഒരു കോട്ട പണിയിച്ച് അതിൽ തൻെറ പട്ടമഹിഷിയായ ധാരിണിയുടെ ജാതിയിൽ താഴ്ന്നസോദരനായ വീരസേനനെ അന്തപാലനാക്കി അവൻെറ കീഴിൽ "ദണ്ഡചക്രം" എന്ന സൈന്യത്തെ അഗ്നിമിത്രൻ താമസിപ്പിച്ചു. (പണ്ടുകാലങ്ങളിൽ രാജ്യരക്ഷക്കുവേണ്ടി രാജാക്കന്മാർ തങ്ങളുടെ അതിർത്തികളിൽ കോട്ട പണിചെയ്യിപ്പിച്ച് അവിടെ സൈന്യത്തെ പാർപ്പിക്കുക പതിവായിരുന്നു ആ സൈന്യത്തിൻെറ നായകനെ അന്തപാലൻ എന്നാണ് പറയാറ്.)

നർമ്മദാനദിയുടെ തെക്ക് വിദർഭരാജ്യമാണ്. ഈ കഥ നടന്നകാലത്തു യജ്ഞസേനൻ എന്ന രാജാവായിരുന്നു വിദർഭരാജ്യം ഭരിച്ചിരുന്നത്. യജ്ഞസേനനും അദ്ദേഹത്തിൻെറ അച്ഛൻെറ സോദരനായ ശൂരസേനൻെറ പുത്രൻ മാധവസേനനും തമ്മിൽ രാജ്യാധികാരത്തിന്നുവേണ്ടി സദാ കലഹിച്ചുകൊണ്ടിരുന്നു. മാധവസേനൻെറ കനിഷ്ഠസോദരിയായ മാളവികയെ പിതാവായ ശൂരസേനൻ അഗ്നിമിത്രന്നു വിവാഹം ചെയ്തുകൊടുക്കണമെന്നുദ്ദേശിച്ചിരുന്നു. പക്ഷെ തൻെറ ആഗ്രഹം സഫലമായിക്കാണുവാൻ ശൂരസേനന്നു സംഗതിവന്നില്ല. അതിന്നുമുമ്പ് അദ്ദേഹം ഇഹലോകം വെടിഞ്ഞു. മാളവിക യൗവനയുക്തയായപ്പോൾ മാധവസേനൻ തൻെറ പിതാവിൻെറ ആഗ്രഹം അഗ്നിമിത്രനെ അറിയിക്കുകയും അദ്ദേഹം അതു സമ്മതിക്കുകയും ചെയ്തു. അഗ്നിമിത്രനുമായുള്ള ഈ ബന്ധം വഴിക്ക് തനിക്കു യജ്ഞസേനനെ ജയിക്കാമെന്നായിരുന്നു മാധവസേനൻെറ ഉദ്ദേശം.

മാളവികയുടെ വിവാഹം വിദിശയിൽവെച്ചു നടത്തുവാൻ തീർച്ചപ്പെടുത്തി

---

അതുപ്രകാരം മാധവസേനൻ മാളവികയേയും, മന്ത്രിയായ സുമതിയേയും, അയാളുടെ സോദരി കൗശികിയേയും കൂട്ടി ഏതാനും ഭടന്മാരോടും കൂടി വിദിശയിലേക്കു പുറപ്പെട്ടു. വിദർഭരാജ്യത്തിൻെറ അതിർത്തിയിലെത്തിയപ്പോൾ യജ്ഞസേനൻെറ സൈന്യം തടയുകയും അവിടെവെച്ച് ഇരുകക്ഷികളും തമ്മിൽ ഭയങ്കരമായി യുദ്ധം ചെയ്യുകയുംചെയ്തു. യുദ്ധത്തിൽ മാധവസേനൻ തടവുകാരനായി പിടിക്കപ്പെട്ടു. ബുദ്ധിമാനായ സുമതി ഈയവസരത്തിൽ തൻെറ സോദരിയേയും മാളവികയേയും കൂട്ടി വേഷപ്പന്നനായി ഓടി രക്ഷപ്രാപിച്ചു.

മാളവികയുടെ വിവാഹത്തിന്നു ശേഷം അഗ്നിമിത്രൻെറ സാഹായ്യത്തോടുകൂടി മാധവസേനൻെറ നേരെ യുദ്ധത്തിന്നു പുറപ്പെടുമെന്നു യജ്ഞസേനന്ന് അറിവുണ്ടായിരുന്നു. അതിനാൽ വിവാഹം മുടക്കണമെന്നും അയാൾ നിശ്ചയിച്ചു. മാളവികയോടുകൂടി മാധവസേനൻ വിദിശയിലേക്കു പുറപ്പെട്ട വിവരം അറിഞ്ഞ യജ്ഞസേനൻ അതിർത്തിയിൽവെച്ച് അവനെപ്പിടിച്ച് തടവിലാക്കിയതു ഈ ഉദ്ദേശത്താലായിരുന്നു.

മാളവികയേയും കൗശികിയേയും കൂട്ടിക്കൊണ്ട് വേഷപ്പന്നനായി ഓടിപ്പോയ സുമതി വിദിശയിലേക്കു പോയിക്കൊണ്ടിരുന്ന ഒരു സാർത്ഥവാഹസംഘത്തോടു

ചേൎന്ന് യാത്രതുടങ്ങി. കഴിയുന്നവേഗത്തിൽ അഗ്നിമിത്രനെ വിവരം ധരിപ്പിച്ച് അദ്ദേഹത്തിൻെറ സാഹായ്യത്താൽ തൻെറ സ്വാമിയെ രക്ഷപ്പെടുത്താമെന്നായിരുന്നു സുമതി ഉദ്ദേശിച്ചിരുന്നത്. എന്നാൽ ദൈവം സുമതിക്കനുകൂലമല്ലായിരുന്നു. കച്ചവടക്കാരുടെ സംഘമൊന്നിച്ചു യാത്രചെയ്തുകൊണ്ടിരിക്കുമ്പോൾ വഴിക്ക് ഒരു കാട്ടിൽക്കൂടി അവൎക്കു പോകേണ്ടതുണ്ടായിരുന്നു. യാത്രക്കാർ ഭയങ്കരമായ വനമദ്ധ്യത്തിൽ എത്തിയാറേ ആയുധപാണികളായ ഒരു കൂട്ടം കവൎച്ചക്കാർ അവരെ എതിൎത്തു. സംഘത്തിൻെറ ഒന്നിച്ചുണ്ടായിരുന്ന ഭടന്മാർ കൊള്ളക്കാരോട് ശക്തിയോടെ പൊരുതിയെങ്കിലും ഒടുവിൽ പരാജിതരായി പലൎക്കും പ്രാണഹാനി നേരിട്ടു. ബാക്കിയുള്ളവർ പ്രാണഭയത്തോടെ പല ദിക്കിലേക്കും പാഞ്ഞു രക്ഷപ്രാപിച്ചു. കവൎച്ചക്കാരുമായുണ്ടായ ഈ യുദ്ധത്തിൽ സുമതി കൊല്ലപ്പെട്ടു. ഈ വിവരം അറിഞ്ഞ ഉടനെ കൗശികി ദുഃഖാക്രാന്തയായി മൂൎച്ഛിച്ചുവീണു. ഇതിനിടയിൽ കൊള്ളക്കാർ കച്ചവടക്കാരുടെ പക്കൽ നിന്നു പറിച്ചെടുത്ത സാമാനങ്ങളേയും അശരണയായ മാളവികയേയും എടുത്തുകൊണ്ടു പോകുകയും ചെയ്തു.

കൗശികി മൂൎച്ഛ തെളിഞ്ഞെഴുന്നേററു നോക്കിയപ്പോൾ മാളവികയെ കാണായ്കയാൽ അത്യന്തം വ്യസനിച്ചു. പിന്നീട് സോദരൻെറ ശരീരം അഗ്നിയിൽ സംസ്കരിച്ചശേഷം കൗശികി, മാളവികയെ കൊള്ളക്കാർ അപഹരിച്ചതും വിധവയായ തനിക്ക് ഏകാവലംബമായിരുന്ന സോദരൻെറ നിൎയ്യാണവും ഓൎത്ത് അടക്കുവാൻ വയ്യാത്ത ദുഃഖത്താൽ കാഷായവസ്ത്രം സ്വീകരിച്ച് പലദിക്കിലും സഞ്ചരിച്ച് ഒടുവിൽ അഗ്നിമിത്രൻെറ അരമനയിൽ എത്തിച്ചേൎന്നു. സന്ന്യാസിനിയായ പണ്ഡിതകൗശികിയെ ധാരിണീദേവി സ്നേഹബഹുമാനപുരസ്സരം സ്വീകരിച്ച് തൻെറ ഒരുമിച്ച് താമസിപ്പിക്കുകയും ചെയ്തു.

അഗ്നിമിത്രൻെറ അന്തപാലനായിരുന്ന വീരസേനൻ കാട്ടിലേക്കു വേട്ടക്കുപോയപ്പോൾ കവൎച്ചക്കാരെ കണ്ടെത്തുകയും, അവരെയെല്ലാം യുദ്ധംചെയ്തു തോല്പിച്ച് അവർ തടവുകാരിയായി പാർപ്പിച്ചിരുന്ന മാളവികയെ കൂട്ടിക്കൊണ്ടു പോരുകയും ചെയ്തു. മാളവികക്ക് നാട്യകലയിൽ അസാമാന്യമായ വാസനയുണ്ടെന്നറിഞ്ഞ വീരസേനൻ അവളെ തൻെറ സോദരിയായ ധാരിണിക്ക് അയച്ചുകൊടുത്തു. ഇങ്ങിനെ അഗ്നിമിത്രൻെറ രാജധാനിയിൽ വന്ന് ഗണദാസൻ എന്ന നാട്യാചാൎയ്യൻെറ അടുക്കൽ മാളവികനാട്യവിദ്യ അഭ്യസിക്കുവാനും തുടങ്ങി.

മാളവികരാജധാനിയിൽ വന്നിട്ട് ആദ്യമായി പണ്ഡിതകൗശികയെക്കണ്ടപ്പോൾ തന്നെ അവർ അന്യോന്യം അറിഞ്ഞു. എങ്കിലും തക്കതായ അവസരം വരുന്നതുവരെ തങ്ങളുടെ യാഥാൎത്ഥ്യം വെളിപ്പെടുത്തുന്നതു യുക്തമല്ലെന്നു കരുതി അവർ അപരിചിതരെന്ന നിലയിൽ വൎത്തിച്ചുപോന്നു. ഇങ്ങിനെ ഒരു കൊല്ലം മുഴുവൻ

മാളവിക വിദിശാരാജധാനിയിൽ അജ്ഞാതവാസംചെയ്തു. അതിനിടക്ക് ഒരു ദിവസം അഗ്നിമിത്രൻ രാജധാനിയിലുള്ള ചിത്രശാലയിൽ ചെന്നപ്പോൾ യദൃച്ഛയാ മാളവികയുടെ ചിത്രം കാണുവാനിടയായി. അതുമുതല്ക്കു രാജാവിന്നു അവളിൽ അനുരാഗം അങ്കുരിച്ചു; പക്ഷെ, ധാരണിയിലുള്ള ദാക്ഷിണ്യംകൊണ്ടും ഇരാവതിയുടെ പ്രണയഭംഗം ശങ്കിച്ചും രാജാവ് മാളവികവിഷയത്തിൽ സ്വാതന്ത്ര്യം പ്രദർശിപ്പിച്ചില്ല.

മാധവസേനനെ യജ്ഞസേനൻ ബന്ധനസ്ഥനാക്കിയതും മാളവികയെ കാണാതായതും ചാരന്മാർ മുഖേന അഗ്നിമിത്രൻ അറിഞ്ഞു. പ്രകൃത്യാ തന്റെ പ്രതികൂലകാരിയും ശത്രുവുമായ വൈദർഭൻ ഈ അക്രമവും കൂടി പ്രവർത്തിച്ചപ്പോൾ അഗ്നിമിത്രൻ തീരെ അക്ഷമനായി ബന്ധനസ്ഥനാക്കപ്പെട്ട മാധവസേനനെ ഉടനെ വിട്ടയക്കണമെന്നാവശ്യപ്പെട്ടു. അതിനെ വൈദർഭൻ നിരസിക്കുകയാൽ കുപിതനായ വിദിശാധിപതി വീരസേനന്റെ നേതൃത്വത്തിൽ ദണ്ഡചക്രസൈന്യത്തെ അയച്ച് വിദർഭരാജ്യം കീഴടക്കി. എങ്കിലും യജ്ഞസേനനെ ബന്ധിക്കുകയൊ വധിക്കുകയൊ ചെയ്യാതെ വിദർഭരാജ്യം രണ്ടായിഭാഗിച്ച് വരദാനദിയുടെ തെക്കും വടക്കുമുള്ള ദേശങ്ങൾക്ക് മാധവസേനയജ്ഞസേനന്മാരെ അധിപതികളാക്കി വാഴിച്ചു. അർദ്ധരാജ്യം കിട്ടിയതിൽ തനിക്കുള്ള കൃതജ്ഞതയെ പ്രകടിപ്പിക്കുന്നതിന്നായി മാധവസേനൻ അനവധി വിലപിടിച്ച സാമാനങ്ങൾ അഗ്നിമിത്രന്നു കാഴ്ചയായി അയച്ചു. ആ കൂട്ടത്തിൽ സംഗീതവിദഗ്ദ്ധകളായ രണ്ടുസ്ത്രീകളും ഉണ്ടായിരുന്നു. രാജധാനിയിൽ വന്നപ്പോൾ അവർ മാളവികയേയും കൗശികിയേയും കണ്ടറിയുകയും അവരുടെ യാഥാർത്ഥ്യം രാജാവിനെ ധരിപ്പിക്കുകയും ചെയ്തു. ദേവീശബ്ദക്ഷമയായ മാളവികയോട് അതുവരേയും ഭൃത്യജനമെന്ന ഭാവനയോടുകൂടി താൻ പെരുമാറി വന്നതിനെപ്പററി ധാരിണി അത്യന്തം പശ്ചാത്തപിക്കുകയും ഒടുവിൽ അകൃത്രിമസ്നേഹാദരങ്ങളോടു കൂടി അവളെ തന്റെ സപത്നിയായി സ്വീകരിക്കുകയും ചെയ്തു. ഇങ്ങിനെയാണ് മാളവികാഗ്നിമിത്രത്തിലെ ഇതിവൃത്തം.

നാടകങ്ങളിലെ കഥാവസ്തു പ്രഖ്യാതമായിരിക്കണമെന്നു നിർബ്ബന്ധപൂർവ്വം നിയമിച്ചിട്ടുണ്ടെങ്കിലും സ്ഥായിയായ രസത്തിന്റെ പരിപോഷത്തിന്നുവേണ്ടി ഔചിത്യംപോലെ കഥാഭാഗങ്ങളെ വിട്ടുകളയുന്നതിന്നും കൂട്ടിച്ചേർക്കുന്നതിന്നും സാഹിത്യശാസ്ത്രം കവികൾക്കു സ്വാതന്ത്ര്യംഅനുവദിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു കഥ അങ്ങിനെതന്നെ രംഗത്തിൽവെച്ച് അഭിനയിക്കുന്നത് രസാവഹമായിരിക്കയില്ലെന്നു മാത്രമല്ല, പലപ്പോഴും അനുചിതവും കൂടിയായിരിക്കും. അതിനാൽ ഇതിവൃത്തത്തിന്റെ കാര്യത്തിൽ കവികൾ പ്രത്യേകം മനസ്സിരുത്തേണ്ടതുണ്ട്. രംഗപ്രയോഗാർഹമായ കഥാംശത്തെ തിരഞ്ഞെടുക്കുന്നതുകൊണ്ടു തന്നെ ഒരു കവിയുടെ സാമർത്ഥ്യവും സഹൃദയത്വവും വ്യക്തമാകുന്നതാണ്.

പ്രസ്തുതനാടകത്തിലാകട്ടെ രംഗത്തിൽ അഭിനയിക്കുന്ന കഥാഭാഗം വളരെ കുറച്ചുമാത്രമെ ഉള്ളൂ. കഥയുടെ അധികഭാഗവും ഒന്നാമത്തെ അങ്കത്തിൽ സൂചിപ്പിച്ച് അഞ്ചാമങ്കംകൊണ്ട് പൂർവ്വാപരം യോജിപ്പിച്ച് കഥയെ ഉപസംഹരിക്കുകയാണ് ചെയ്യുന്നത്.

മാളവിക അജ്ഞാതയായി അഗ്നിമിത്രന്റെ അരമനയിൽ ഒരു സംവത്സരകാലം താമസിച്ചുവെന്ന മുമ്പ് പറഞ്ഞിട്ടുണ്ടല്ലൊ. ആ കാലത്തിന്റെ അന്ത്യഘട്ടത്തിൽ ഏതാനും ചില ദിവസങ്ങളിൽനടന്ന സംഭവങ്ങളെയാണ് കവിനാടകത്തിൽ വിവരിച്ചിരിക്കുന്നത്. മൂന്നാമങ്കത്തിൽ, "വസന്തത്തിൽ പുതുതായി പൂത്ത അശോകപുഷ്പത്തെ ഉപായനമായിക്കൊടുത്തയച്ച് "എനിക്ക് ആര്യപുത്രനൊന്നിച്ച് ഊഞ്ഞാൽ ആടണമെന്നുണ്ട്" എന്ന ഇരാവതി അങ്ങയോടാവശ്യപ്പെട്ടിട്ടുണ്ടല്ലൊ" എന്നും, അഞ്ചാമങ്കത്തിൽ, തോഴരെ, പ്രമദവനത്തിൽ നോക്കുമ്പോൾ വസന്തത്തിന്റെ യൗവനം ക്ഷയിച്ചുതുടങ്ങിയെന്ന തോന്നുന്നു" എന്നുമുള്ള വിദൂഷകന്റെ വാക്കിൽ നിന്നും, "ക്ഷയോന്മുഖമായ വസന്തം മനസ്സിന്നു ഉൽക്കണ്ഠയേ ജനിപ്പിക്കുന്നു. (പരിണാമാഭിമുഖമൃതൊരുൽസുകയതി യൗവനംചേതഃ)" എന്ന രാജാവ് പറയുന്നതുകൊണ്ടും വസന്തകാലത്തിലാണ് പ്രസ്തുതസംഭവങ്ങൾ നടന്നിരിക്കുന്നതെന്നു തെളിയുന്നു. അതിനാൽ ഈ നാടകത്തിൽ രംഗത്തിൽ അഭിനയിക്കുന്ന സംഭവങ്ങളെല്ലാം ഏകദേശം രണ്ടുമാസകാലത്തിന്നുള്ളിൽ നടന്നതായിരിക്കുവാനേ തരമുള്ളൂ. ഇനി ഈ നാടകത്തിലെ രംഗങ്ങളെപ്പററി അല്പമൊന്നാലോചിക്കാം.

അരമനയിലെ നാട്യാചാര്യന്മാരായ ഹരദത്തനും ഗണദാസനും തമ്മിൽ കശപിശ കൂട്ടുന്നതാണ് ഒന്നാമങ്കത്തിലെ രംഗം. ഈ ഭാഗം അഭിനയിച്ചുകാണുന്നതിന്നു മുമ്പായി പല സംഗതികളും സാമാജികന്മാർ അറിഞ്ഞിരിക്കേണ്ടതുണ്ട്. അവയിൽ ഏതാനും ഭാഗം വിഷ്കംഭംകൊണ്ടും ബാക്കി കുറെ ഭാഗം അങ്കത്തിന്റെ ആദിയിലുമായി കവിവിവരിക്കുന്നു; മാളവിക ഗണദാസന്റെ അടുക്കൽ നാട്യവിദ്യ അഭ്യസിച്ചുകൊണ്ടിരിക്കുന്നതും, ചിത്രശാലയിൽവെച്ച് രാജാവ്, ധാരിണിയുടെ ചിത്രം എഴുതിയിട്ടുള്ളതിന്റെ സമീപത്തായി മാളവികയുടെ ചിത്രം കണ്ടിട്ട് അവൾ ആരാണെന്നു ചോദിച്ചപ്പോൾ ധാരിണി മറുവടിയൊന്നും പറഞ്ഞില്ലെങ്കിലും കുമാരിയായ വസുലക്ഷ്മിയിൽ നിന്നു അവൾ മാളവികയാണെന്നറിഞ്ഞുവെന്നും, അതിന്നുശേഷം മാളവികയെ രാജാവു കാണാതിരിക്കുവാൻ ധാരിണി പ്രത്യേകം മനസ്സിരുത്തുന്നുണ്ടെന്നും ഉള്ള കഥാഭാഗം ധാരിണിയുടെ പരിചാരികമാരായ ബകുളാവലികയും കൗമുദികയും തമ്മിലുള്ള സംഭാഷണംകൊണ്ടു മനസ്സിലാക്കാം. പിന്നെ വിഷ്കംഭത്തിൽ ബകുളാവലികയും ഗണദാസനും തമ്മിലുള്ള സംഭാഷണമാണ്. നാട്യത്തിൽ ഇരാവതിയെക്കൂടി അതിശയിക്കത്തക്ക ബുദ്ധിസാമർത്ഥ്യവും വാസനാബലവുമുള്ള ഈ പെൺകുട്ടിയെ ധാരിണിക്ക് എവിടെ നിന്നു കിട്ടിയെന്നുള്ള ഗണ

ദാസന്റെ ചോദ്യത്തിന്നു വീരസേനൻ അയച്ചുകൊടുത്തതാണെന്നു ബകുളാവലിക ഉത്തരം പറയുന്നു. ഇത്രയും കഥാംശം വിഷ്കംഭംകൊണ്ടു സൂചിപ്പിച്ചതിന്നുശേഷം കവി ഒന്നാം രംഗത്തിലേക്കു പ്രവേശിക്കുന്നു. മാധവസേനൻ മാളവികയോടു കൂടി വിദിശയിലേക്കു പുറപ്പെട്ടതും, വഴിക്ക് യജ്ഞസേനന്റെ അന്തപാലനാൽ ബന്ധിക്കപ്പെട്ടതും മാളവികയെക്കാണാതായതും താൻ ആവശ്യപ്പെട്ടപ്രകാരം മാധവസേനനെ തടവിൽനിന്നു വിടുവാൻ വൈദർഭൻ വിസമ്മതിക്കുകയാൽ അഗ്നിമിത്രൻ വിദർഭരാജ്യം ജയിച്ചു കീഴടക്കുവാൻ ദണ്ഡചക്രസൈന്യത്തെ അയക്കുന്നതും ഈ രംഗത്തിന്റെ ആദിയിൽ വിവരിക്കുന്നു. വിഷ്കംഭംമുതൽ ഒന്നാമങ്കത്തിൽ വിദൂഷകൻ, രംഗത്തിൽ പ്രവേശിക്കുന്നതുവരെയുള്ള ഭാഗംകൊണ്ട് ഈ നാടകത്തിലെ ഇതിവൃത്തം മുക്കാലും സൂചിപ്പിച്ചുകഴിഞ്ഞു. ഇനി മാധവസേനൻ ബന്ധനസ്ഥനായതിന്നുശേഷം മാളവിക വീരസേനന്റെ അധീനത്തിലെത്തുന്നതുവരെയുള്ള വൃത്താന്തമാണ് ബാക്കിയുള്ളത്. അത് ഇപ്പോൾ അറിഞ്ഞിട്ടാവശ്യമില്ലാത്തതിനാൽ അഞ്ചാമങ്കത്തിലേ വെളിപ്പെടുത്തുന്നുള്ളു.

മാളവികയെ ഒന്നാമതായി ചിത്രത്തിൽ കണ്ടപ്പോൾ തന്നെ രാജാവിന്ന് അവളിൽ ഒരാദരം തോന്നി. അവളെ നേരിട്ടൊന്നു കാണണമെന്നായി പിന്നത്തെ വിചാരം. നേരിട്ടുവരുത്തിക്കളയാമെന്നുവെച്ചാൽ, താൻ പേർ ചോദിച്ചിട്ടുകൂടി പറയാതിരുന്ന ധാരിണിക്ക് അത് അത്യന്തം നീരസത്തിന്നു കാരണമാകും. അതിനാൽ ധാരിണിമുഖേന മാളവികയെ മുമ്പിൽ വരുത്തണമെന്നു രാജാവ്, നിശ്ചയിച്ചു. അതിന്ന് അദ്ദേഹത്തിന്റെ കാമതന്ത്രമന്ത്രിയായ വിദൂഷകൻ ചില ഉപായങ്ങൾ പ്രവത്തിക്കുന്നു. അതിന്റെ ഫലമാണ് നാട്യാചാര്യന്മാർ തമ്മിലുള്ള "ഉരഭ്രസംവാദം." വിദൂഷകന്റെ ഏഷണികേട്ട് ആചാര്യന്മാർ തമ്മിൽ കലഹിക്കുകയും, കലഹം മൂഴത്ത്, "നീ എന്റെ കാലിലെ പൊടിക്കു കൂടി കിടപിടിക്കുകയില്ല" എന്നു ഹരദത്തൻ ഗണദാസനെയും, "നിനക്കും എനിക്കും സമുദ്രത്തിന്നും പല്വലത്തിന്നും തമ്മിലുള്ള അന്തരമുണ്ട്" എന്ന് ഗണദാസൻ ഹരദത്തനേയും പ്രധാനപുരുഷസമക്ഷം അധിക്ഷേപിക്കുന്നു. ഒടുവിൽ രണ്ടുപേരുടേയും യോഗ്യത നിർണ്ണയിക്കുന്നതിന്നു ആചാര്യന്മാർ രാജാവിന്റെ മുമ്പിൽ വരുന്നു. രാജാവാകട്ടെ ധാരിണിക്കു സംശയം തോന്നാതിരിക്കുവാൻവേണ്ടി, "ഞാനൊന്നും അറിഞ്ഞില്ലേ" എന്ന നാട്യത്തിൽ താനും ദേവിയും ഇതിൽ പക്ഷപാതികളാണെന്നു ഒരു ഒഴിവും പറഞ്ഞ് പണ്ഡിതകൌശികിയെ മദ്ധ്യസ്ഥയായി നിശ്ചയിക്കുന്നു. ആചാര്യന്റെ യോഗ്യത ശിഷ്യൻ വഴിക്ക് തീർച്ചപ്പെടുത്തേണ്ടതാകയാൽ രണ്ടു പേരും അവരവരുടെ ശിഷ്യകളെ തങ്ങളുടെ മുമ്പിൽവെച്ച് അഭിനയിപ്പിക്കണമെന്നു മദ്ധ്യസ്ഥയായ കൌശികി തീർപ്പുകല്പിച്ചു. വിദൂഷകൻ അതിനെ നിരാക്ഷേപമായി പിന്താങ്ങുകയുംചെയ്തു. രാജാവിന്റെ ഉദ്ദേശ്യം ഇന്നതാണെന്നു ധാരിണിമനസ്സിലാക്കിയിരുന്നു. "ആര്യപുത്രന്ന്

ഉത്സാഹകാരണമായ മനോരഥം പൂരിപ്പിച്ചുകൊടുക്കാൻ പുറപ്പെടേണ്ടു" എന്നു അവൾ സ്വകാൎയ്യമായി ഗണദാസനോടുപദേശിച്ചുവെങ്കിലും വാദത്തിൽ ജയൈഷിയായ ആചാൎയ്യൻ അതിനെ കേൾക്കുന്നില്ല. എന്നുമാത്രമല്ല, രാജാവും ഗൗതമനും കക്ഷിചേൎന്നു കൌശികിയുടെ തീൎപ്പിനെ യുക്തമെന്നു വാദിക്കുകയും ചെയ്യുന്നു. ആകപ്പാടെ ധാരിണി കുഴങ്ങി. മാളവികയെ രംഗത്തിൽ പ്രവേശിപ്പിക്കാതിരിക്കുവാൻ വേണ്ടി താൻ ചെയ്ത യുക്തിവാദങ്ങളെല്ലാം നിഷ്ഫലമായെന്നു കണ്ടപ്പോൾ "ആൎയ്യപുത്രന്ന് ഈ വിധമുള്ള ഉപായചതുരത രാജ്യകാര്യങ്ങളിലുമുണ്ടായിരുന്നാൽ വളരെ നന്നായിരിക്കും" എന്നു രാജാവിനെപ്പററി ഒരു "റിമാൎക്ക് പാസ്സാക്കി" അവൾ മൗനം ദീക്ഷിക്കുകയാണ് ചെയ്യുന്നത്.

"എന്നാൽ രണ്ടുപേരും സംഗീതശാലയിൽചെന്നു വേണ്ടപ്പെട്ട ഏൎപ്പാടുകളെല്ലാം ചെയ്തുകഴിഞ്ഞ ഉടൻ ആളെ അയക്കുവിൻ" എന്നു ഗൗതമൻപറഞ്ഞതനുസരിച്ച് ആചാൎയ്യന്മാർ പുറപ്പെട്ടപ്പോൾ, "പരീക്ഷിക്കുന്നതിന്നുവേണ്ടി മാത്രമായുള്ള അഭിനയമാകയാൽ അംഗസൗഷ്ഠവം വ്യക്തമായി അറിയുന്നതിന്നു വേഷം കെട്ടാതെ പാത്രം രംഗപ്രവേശം ചെയ്യണം" എന്നു കൂടി കൗശികി അവരോടാജ്ഞാപിക്കുന്നു. അമ്പ! നോക്കു, കൗശികിയുടെ ഒരു കൗശലം!! കുററമാണൊ ഗൗതമൻ അവളെ പീഠമൎദ്ദിക എന്നുപറഞ്ഞത്! ധാരിണിയുടെ മുമ്പിൽ പച്ചപ്പരമാൎത്ഥിയാണെന്നു നടിച്ച് രാജാവിൻെറ സേവപിടിക്കുവാൻ അവൾ ചെയ്യുന്ന സൂത്രം എത്ര കണക്കിലായി! മാളവിക വേഷംകെട്ടി രംഗത്തിൽ പ്രവേശിക്കുന്നതായാൽ രാജാവിന്നു അവളുടെ യഥാൎത്ഥമായ സൗന്ദൎയ്യം കണ്ടാനന്ദിക്കുവാൻ സൗകൎയ്യം കുറയുമല്ലൊ. ഇതൊന്നും തൻെറ വിദ്യയല്ലെന്നും സമാനവിദ്യന്മാർ പരസ്പരം കലഹിക്കുന്നതു സാധാരണമാണെന്നും പറഞ്ഞ് രാജാവ് ധാരിണിയെ സമാധാനിപ്പിക്കുവാൻ ശ്രമിക്കാതിരുന്നില്ല. ഇതിനിടക്കു നാട്യം ആരംഭിച്ചതിൻെറ സൂചകമായി മൃദംഗനാദം കേൾക്കുകയാൽ എല്ലാവരും സംഗീതശാലയിലേക്കു പോകുന്നു. പോകുംവഴിക്കു, "തോഴരെ, ധൈൎയ്യമവലംബിച്ചിരിക്കണെ. അല്ലെങ്കിൽ ധാരിണീദേവിക്ക് വല്ല സംശയവും വന്നേക്കും" എന്നു വിദൂഷകൻ രാജാവിനെ ഓൎമ്മപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങിനെ ഒന്നാംരംഗം അവസാനിപ്പിക്കുന്നു.

(തുടരും)

# ഒരു പരീക്ഷ.

(കെ. ദാമോദരമേനോൻ, ജൂനിയർവിദ്യാർത്ഥി.)

1. ഭരണനിപുണനായും, സത്യസന്മാർഗ്ഗിയായും,
പരമരസികനായും, നീതിശാസ്ത്രജ്ഞനായും
ഒരു നൃപതിവരൻതാൻ സ്വപ്രജയ്ക്കൊക്കെമോദം
പരിചിനൊടുകൊടുത്തുംകൊണ്ടു രാജ്യംഭരിച്ചു.

2. പ്രകൃതിനിയമദോഷാൽകാലമാകുംപിശാചിൻ
വികൃതി നൃപവരനും നൽകി വാർദ്ധക്യമപ്പോൾ
സുകൃതനിധിയഭിജ്ഞൻ മന്ത്രിയോടിപ്രകാരം
വികസിതഹൃദയത്തോടൊത്തിവണ്ണം വചിച്ചു:-

3. "വാർദ്ധക്യമാം ഘോരപിശാചെനിക്കു
ധൂർത്താലസൗഖ്യങ്ങൾ തരാൻതുടങ്ങി;
ഓർത്തീടുകെൻമന്ത്രിമണേ! നമുക്കു
ധാത്രീഭൃതിക്കിന്നു ബലം കുറഞ്ഞു.

4. ഞാനിന്നുരച്ചുള്ളൊരുകാര്യമോതാ-
മാനന്ദമൊടായതു കേട്ടിടേണം;
സാനന്ദമെൻപുത്രരിലേകനേ ഞാ-
നീനല്ലരാജ്യത്തിനു നാഥനാക്കും.

5. "പക്ഷേനമുക്കുള്ള കുമാരകന്മാർ
ശിക്ഷക്കൊരേമട്ടിൽ മിടുക്കരല്ലോ;
ഇക്കാരണത്താലവരെപ്പരീക്ഷി-
ച്ചൊക്കുന്നവനേകണമെൻെറരാജ്യം."

6. ഇപ്രകാരമരചൻവചിച്ചതിനുശേഷമങ്ങു
നിജപുത്രരേ
ക്ഷിപ്രമാത്മസവിധേ വിളിച്ചവരോടോതികാരു
ണികനിങ്ങിനെ:-
"സൽപ്രസിദ്ധികലരുന്നൊരെന്നുടയപുത്രരേ! പറ
വിനിക്ഷണം
മൽപ്രിയത്തിനെവനാണുയോഗ്യനെവനെന്നി
ലുണ്ടമിതഭക്തിയും?"

7. ഒന്നാമനോതി, "ഗുണവാരിനിധേ, പിതാവേ!
ഞാനാണുതാതനിലതിപ്രിയമുള്ള പുത്രൻ;
സന്ദേഹമില്ല, ജലധിയ്ക്കുസമാനമായി
നന്നായ്പരന്നുവിലസുന്നിതു മൽപ്രിയം കേൾ."

8 രണ്ടാംകുമാരനുടനോതി, "പിതാവിനീഷ-
ലുണ്ടായിടൊല്ല,തില്ലമേറ്റുമിവന്നുഭക്തി,
രണ്ടില്ലപക്ഷ,മതളന്നിടുവാനെവന്നു-
മുണ്ടാകയില്ല കഴിവെന്നു ധരിച്ചിടേണം."

9. മൂന്നാമനാമിളയപുത്രനിവണ്ണമോതി-
"യെന്നാലസാദ്ധ്യമധികം പറവാൻ പിതാവേ!
എന്നാകിലും പറയുവൻ മടിവിട്ടെനിയ്ക്കി-
ന്നൊന്നച്ഛനിൽ പ്രിയമതുണ്ടിഹ വേണ്ടുവോളം."

10. വാത്സല്യമുള്ളൊരുകുമാരരിത്ഥ
മുത്സാഹമോടൊത്തുപറഞ്ഞതെല്ലാം
സത്സാരബോധജ്ഞജനമോദമേകി,
യസ്സാധുപിന്നീടവരോടുരച്ചു:-

11. "മൽപ്പുത്രരേ! ചെവികൾതന്നിടുവിൻ, ശ്രവിപ്പി-
നിബ്ഭൂമിപാലനൊരുനല്ല വയസ്സനായി;
വാർദ്ധക്യമീശഭജനത്തിൽ നയിയ്ക്കയെന്നായ്
ശ്രദ്ധാർഹരായ മുനിമാരരുൾ ചെയ്തിരിപ്പൂ.

12. "അതിനാൽ ഞാനിതാപോണു
തീർത്ഥയാത്ര കഴിയ്ക്കുവാൻ;
ഒത്തുചേർന്നു മഹാരാജ്യം
യുക്തിയോടെ ഭരിക്കുവിൻ."

13. ഇത്ഥംപറഞ്ഞാ നരമൗലിപൂർവ്വ-
സമ്പത്താംപ്രിയപ്പെട്ട സമൃദ്ധരാജ്യം
പുത്രർക്കുയോജിച്ചുഭരിയ്ക്കുവാനാ-
യത്തവ്വിലേകീട്ടൊരു കാട്ടുപൂക്കാൻ.

14. കൊല്ലമൊന്നുകഴിയുന്നവേളയിൽ
ത്തെല്ലുസങ്കടമണച്ചവാർത്തയെ;
ചൊല്ലുവാൻകവിമടിച്ചിടുന്നു, ഹാ!
നല്ലഭൂപമുനിനഷ്ടനായിപോൽ!

II.

15. സൂര്യദേവനഴകോടുപശ്ചിമാം-
ഭോധിതീരമണയും ദശാന്തരേ
കൈത്തലത്തിലൊരുമാലയുംധരി-
ച്ചത്രതാപസനൊരുത്തനെത്തിനാൻ.

16. ആധിപൂണ്ടുകരയുന്നൊരുത്തനെ-
സ്സാധുകണ്ടുവഴിതന്നിൽവെച്ചഹോ!
ചോദ്യമോതിയുടനേയുവാവിനോ-
"ടീദൃശം കരവതെന്തിനാണു നീ?

17. "ആരുനീ,യിവിടെവന്നുകേഴുവാൻ
കാരണം പറക, സാധുശീല, നീ;
നേരുരയ്ക്കുവനറിഞ്ഞുകൊൾക സം-
സാരദുഃഖമെവനും വരുന്നതാം."

18. ഇത്തരം കരുണയുള്ള താപസൻ
ചോദ്യമേകിയതുകേട്ടു ദുഃഖിതൻ
അത്തലല്പമതടക്കിയോഗിയോ-
ടുത്തരം സപദിയോതിയിത്തരം:-

19. "കാലജ്ഞ! കാരുണിക, താങ്കളറിഞ്ഞുകൊൾകെൻ
മാലിന്നുകാരണമതാശുപറഞ്ഞിടാം ഞാൻ;
പേരേറിടുന്നിവനെഴും ജനകൻ ധരിത്രീ-
വാസംവെടിഞ്ഞു, പറവാനെളുതല്ല, ശേഷം."

20. സീമവിട്ടൊരഴലൊത്തിതീവിധം
മാമുനീന്ദ്രനൊടുരച്ചവേളയിൽ
സാവധാനമൊടുയോഗി ദുഃഖിയോ-
ടീവിധം സപദിയോതി പിന്നെയും.

21. "ചൊല്ലുകെൻ പ്രിയകുമാര, നിന്റെയാ
നല്ലസോദരരുമീവിധത്തിലായ്
അല്ലലോടിഹ വസിച്ചിടുന്നുവോ?
തെല്ലുദുഃഖമതുതീർന്നുപോയിതോ?"

22. ഇപ്രകാരമരചന്റെ പുത്രനോ-
ടപ്പുമാൻ ഝടിതിയോതിയപ്പൊഴേ
അപ്രസന്നമുഖനാം യുവാവുതാ-
നിപ്രകാരമുരചെയ്തുതൽക്ഷണം.

23. "അവരജവരരുണ്ടെനിയ്ക്കുരണ്ടാ-
ളവരിലറിഞ്ഞിടുകിന്നൊരുത്തനോർത്താൽ
ലവവുമൊരുവിഷാദമേററിടാതി-
ന്നവനിസുഖങ്ങളും ഭുജിച്ചിടുന്നു പാരം.

24. "മറേറസ്സഹോദരനഹോ! ബഹുകഷ്ടമെല്ലാ-
മേററും പിതാവിനുടെയാജ്ഞ വഹിച്ചുകൊണ്ടും,
ഏററം പ്രസന്നതയൊടൊത്തുജനത്തിനെല്ലാ
മിഷ്ടംകൊടുത്തിളഭരിച്ചുവസിച്ചിടുന്നു."

25. ഇതൊക്കവേ കേട്ടോരു താപസൻതാ-
നതീവവേഗത്തൊടുമോദമോടേ
അതാ നൃപൻതൻഭവനത്തിലേയ്ക്കായ്
കുതൂഹലത്തോടു ഗമിച്ചിടുന്നു.

26. സിംഹാസനത്തിന്നരികത്തുചെന്നാ-
സ്സന്ന്യാസിയിത്ഥം സചിവേന്ദ്രനോടായ്,
ചൊന്നാൻ, "സഖേ, മന്ത്രിമണേ! ഭവാന്റെ
രാജാവു ഞാനെന്നു മനസ്സിലായോ?

27. "താതനോടധികമാം പ്രിയത്തൊടും
ഭക്തിയോടുമിഹ വാണപുത്രനെ
പാർത്തറിഞ്ഞിടുവതിന്നുകള്ളമാം
വാർത്തനാടിതിൽ വരുത്തിനേനഹം.

28. "രാജ്യമിന്നിളയപുത്രനാണു സം-
യോജ്യമങ്ങിനെകൊടുത്തിടുന്നു ഞാൻ;
അച്ഛനുള്ള തനുവിങ്കലല്ല, താ
തേച്ഛപോലെമരുവുന്നവൻ പ്രിയൻ."

# "OUR WARDEN".

## (A SATIRICAL EXTRAVAGANZA.)

BY

C. P. K. THARAGAN, (OLD BOY)

From the cooks in the kitchen to the airiest fops in their third floor garrets they talked of nothing else.

"Did you hear the news?"—asked head cook Pattabi as he stopped for a moment the work of scraping a cocoanut kernel. His assistant, Seshayya was stirring the fire over which a huge cauldron of rice boiled and bubbled.

"Yes;—Sankaranarayana Iyer told me, "only this morning"—

"The poor man!—But which Sankaranarayana Iyer?

"The philosophy student".

"Indeed. I wonder why he 'crows' you the way he does!"

"Well, Mr. Pattabi, don't talk like a perfect barbarian. You are fond of your father and mother; do they *crow* you? You are fond of your wife and child; do they *crow* you? You like me too after a fashion; do *I* crow you? Call an honest thing by an honest name and be a little kind to other people's feelings".

Pattabi scratched his head with both hands and smiled dubiously.

Seshayya added "Don't you ape the smart set too much"—

Rajalu from the N. B.—section peeped in. "Hallo, did you chaps hear the news? Our warden"—

"We were just talking about him when"—

"When you came",—Pattabi put in hastily.

Isn't it funny? I told you he was a queer one some days back, didn't I?"

"You never did"—said Sesha Ayya.

"Oh then, it was to Moorthy. Look here, Pattabi, I've been mending that fire a matter of fourteen years by this. I never was seen at it by a warden of this hostel; and there were five in my time. Last Tuesday our new warden steps in at about this time and asks me how things are managed and so forth—all a ruse, you know; he's a deep one. Then I said to Moorthy "if this man's in his senses he has insulted me, if he isn't God help him!"—

Moorthy had entered on the meanwhile and joined them unnoticed. He brandished a pit and spoke in a hearty laughing voice.

"What do you think he did in our section? Guess! I've known wardens who refused again and again to taste our things on grand feast-days. Also people like Vythi Iyer who used to order Mor Kolumbu from the section every week regular as clock-work. But this man, beats all! He came and asked for a saucerful of onions sambar! I offered to cook a special dish, if he didn't mind, and wanted to taste it exactly as the students get it"—

"You don't say so!" exclaimed Pattabi fairly taken off his feet. "Now I think of it he gave me too a facer the other day. 'I am going to reduce the number of sections to two' he told me. As you please sir, 'One great hand gives and another great hand takes away says the proverb'. He replied, "But you needn't fear, for we shall retain all really efficient hands."—

"I call it an insult," said Seshayya with decision, and he dashed off the sweat on his forehead with his left forefinger.

"I didn't think so then," Pattabi replied mildly.

"But you're a deep one too" said Rajalu looking at him admiringly. "The proverb you know is not 'another great hand' but 'another little hand' takes away"—

Pattabi continued complacently,—"I said to myself, "what with their godless new-fangled ways and beliefs the country is going to dogs. Hitherto at least our hostel"—There! There he is going towards the hostel! Disperse, disperse, he may want to step in here also!—"

o o o o

In the Hostel Reading Room, a country lad from Malabar, excessively raw in dress and manners was spreading himself out to be admired. He was surrounded by a miscellaneous group of freshers like himself.

"I am in a dilemma, really. What awful luck! The Principal insists on my wearing a cap; the Warden insists on my not wearing it. Whom shall I obey! Of course one can don the cap before the Principal and doff it before the Warden. But I am amazed at the utter illogicality of it"—

"Really, Ponnuswamy, did the Warden insist? Probably he was joking"—suggested Sulapani.

"Indeed he said it with a smiling face but was quite serious nevertheless. It seems my head with the cap on looks like Mt. Yeverest in a mist! He asked me either to remove the cap or relieve its tension by consulting a barber."—

"Ha! ha! ha! A Pr. Col. Prof. to quizz a student on his looks! I wonder what the world is coming to." I had a friend who worked in the College some nine years for his degree. He used to grow beard and hair like a cavesman giving lots of trouble to students and professors alike. Most of the professors were driven to wear spects. The rest were in a panic—the red eyes he gave were so frequent. At last in sheer despair they promoted him. Yet, gentleman, in spite of every thing not one of his professors in all the nine years suggested Sikhs or barbers"—said Keshava Iyer, a fat, drowsy eyed veteran who fraternised with the freshers, every year, upon principle.

"Why Sikhs?" asked Sulapani.

"Because they wear caps on their beards."

Gopalroy came in just then, panting "Hush! He's there! In his shirt sleeves. Our warden."

They looked silently into one another's eyes like Thugs.

"He comes like Hamlet *without* the Prince of Denmark! Shall we follow and see what he's about?" continued Gopalroy who evidently had a gusto for the dramatic.

o o o o

Both the electric lights were turned up, and round a table placed in the middle of the room, four smart young men were seated in careless postures emitting thick puffs of cigarette smoke which curled aud wreathed round their heads.

Peter.—The duffer calls me and talks of things he can't understand. Do I smoke? How many? Four packs? Its too bad, weak constitution, horribly disfiguring, fah!—Pass the cig., Parthasarathy."—

"What did you reply?"—asked Parthasarathy as he did so.

"Jolly well told him a piece of my mind, I b'lieve,"—he replied between his teeth while he struck a match.

"Spout it Pete," called out Simon.

"Well; says I," began Peter puffing luxuriously, "'Thanks awfully though it does sound funny as you put it, sir. It's precisely because my constitution is weak that I have to take a puff or two and steady it. For weak constitutions like mine sir, food, solid or liquid, is a distraction, a bore. It spells trouble Nothing like smoke for us. A cigarette is food that requlres no digestion, drink that requires no moderation, nor rest nor blood expenditure, nor painful and dirty excretions. It is nourishment for the philosopher who cares not for glory in the flesh. It is the—' There I think he cut me short, Pass the cig.—"

"The fumes of the fragrant weed
Your constant pal in direst need"—

sang Simon as he handed him the pack.

" Now, here's a funnier yarn, which happened to me," said Vasu, for the first time taking off the cigarette from between his lips.

" Spout it—" cried Simon.

" He asks me yesterday the funniest question in the world ;—' Are you religious ? ' "

" Bravo," said Sims and a couple of them clapped their hands. " Carry on, I say."

" I told him without smiling ' I really don't know. Must ask dad.' ' Then' says he ' I shall catechise you. What do you know about the Dasavatharas ? ' "

" Ha ! Ha ! Ha What did you reply ? " asked several voices.

" I knew a lot about these things when a kid. Ma was inclined to be spiritual and that sort of thing. But you know what a rotten memory I have. So I began to ' gass' nervously, about something which is three in number but only one for all practical purposes, and of the many that are called and the few chosen. Do you know what he told me at the end of it all ? "

" Well ? " enquired the listeners.

" Well, he said he had his own doubts. ' There is nothing like a clear head in these matters. I have been neglecting your spiritual welfare hitherto. God forgive me for it ! Religion is the back-bone of morality and morality is the back-bone of character.' "

" Now, Peter," began Parthasarathy cautiously, " I have a notion. Vasu had been mixing up things a bit. Any way Dasavatharas can't be three in member. They must be at least ten. What do you think ? "

" I b'lieve I have heard all this before. It can't be all Hinduism, for I am sure I have heard it at church. But for the moment I can't make it out ".

" Damn theology as my dad used to say ! What do you think about this confounded plan of "—

" Hallo ! Is your table on fire ? "—a loud cheerful voice enquired from the verandah. The party threw away their cigarettes and rose involuntarily. The crowd behind our warden had already moved past their room. They hastened to join it.

o o o o o o

A corner-room on the topmost floor is lighted with an electric table-lamp over which a green silk-shade has been thrown. A fragile but pretty-looking youngster is sitting before the table. His face and everything in the room on a level with it are immersed in a soft green effulgence.

The door opens and two friends enter dressed for the hall, i.e. in their shirts on which each has a towel thrown over across his back and tied like a shoulder-belt.

" Suku, ain't you coming ? The bell has struck and hall will be crowded soon " said one of them, Sulapani.

Sukumar stopped writing and turned his pretty face on the callers. " Sit down please. Sulapani, and so our Warden ? "

" Yes, poor fellow. He's going about the rooms now and ther's a crowd at his back ".

" And are you going to eat ? " " Yes ; and you ? "

" How I envy your indifference. As for myself this news has taken away my appetite. The poor dear man ! Will they dismiss him ? And to think the same fate may overtake anyone of us at any moment ! Awful ! Such is man !

" That Metro-goldwyn Dance is coming off again to night. We shall finish quickly and call you. Dress up and be ready. The earlier we start the better " said Lakshman who was rather taciturn all along.

" Yes, friends, even the darkest cloud has a silver lining. The poor man won't make a fuss this time about a silly lark. Of course assuming that our warden is really and truly "—

ജഹാംഗീർ മേശപ്പുറത്തുവെച്ചിരുന്ന കൈത്തോക്കെടുത്തു രജകിയുടെ കയ്യിൽ കൊടുത്തു. "നിന്നെ വിധവയാക്കിത്തീൎത്ത ഈ കൈത്തോക്കുകൊണ്ടുതന്നെ നിൻെറ ശത്രുവായ ഇവളെയും നീ വിധവയാക്കിത്തീൎക്കണം." ഇത്രയും പറഞ്ഞു അദ്ദേഹം മാറിടത്തിൽനിന്നു തൻെറ നീരാളക്കുപ്പായം വലിച്ചുനീക്കി—അല്ല ധ്രുതഗതിയിൽ വലിച്ചുചീന്തി—ജീവനെ പരിത്യജിച്ചാലും, നീതിയെ പരിത്യജിക്കയില്ലെന്ന ദൃഢവ്രതത്തോടുകൂടി ആ രാജസിംഹം അവിടെ നിലകൊണ്ടു.

രാജാവിൻെറ ഈ വാക്കുകൾകേട്ടു ആ രജകസ്ത്രീ ഏററവും സ്തബ്ധയായി നിന്നുപോയി. ഭയം, ഭക്തി, കരുണ മുതലായ രസങ്ങൾ അവളുടെ അന്തരംഗത്തിൽ അടർപൊരുതിക്കൊണ്ടിരുന്നു. അവൾക്കു സകലതും മനസ്സിലായി. രാജ്ഞിയാണ് തൻെറ കാന്തനെ വെടിവെച്ചു വീഴ്ത്തിയതെന്നു അവൾക്കറിവായപ്പോൾ അവളുടെ ഹൃദയം തകൎന്നു. പൊൻപാദുകമണിഞ്ഞ ചക്രവൎത്തിയുടെ ചരണാരവിന്ദത്തിൽ അവൾ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു "അയ്യോ തിരുമേനി, അടിയൻ ഈ കടുങ്കൈക്കു മുതിരുകയൊ? കൊച്ചുരാജ്ഞി അപരാധിനിയല്ല. അവർ അറിയാതെ ചെയ്തുപോയതാണ്. കുന്നിക്കും കുറയാതെ രാജനീതി പോററിപ്പുലൎത്തിപ്പോരുന്ന തിരുമേനിയുടെ പൊന്നോമനമേനി അടിയൻ മുറിയേൽപ്പിക്കയൊ? എനിക്കും രാജ്ഞിക്കും മാപ്പുതരണം."

രജകിയുടെ ഈ വാക്കുകൾകേട്ട് രാജാവ് ഏററവും സന്തോഷിച്ചു. തൻെറ പ്രജാപരമ്പരകളിൽ ഇപ്രകാരമുള്ള നിൎമ്മലാശയകളുണ്ടല്ലൊ എന്നോൎത്തു രാജാവ് തന്നെത്താൻ പ്രശംസിച്ചു. പിന്നീടു ചക്രവൎത്തിനിയുടെ നേരെ തിരിഞ്ഞുനിന്നുകൊണ്ടു, "പ്രിയെ, ഇവളെ നീ വിധവയാക്കിത്തീൎത്തു. എന്നിട്ടും ഇതാ ഇവൾ നിൻെറ ജീവനെയും, തദ്വാരാ എൻെറ ജീവനെയും രക്ഷിച്ചുതന്നിരിക്കുന്നു. ഇപ്രകാരമുള്ള പ്രജകൾ നാട്ടിലുള്ളതുകൊണ്ടു എനിക്കു ചാരിതാൎത്ഥ്യത്തിന്നവകാശമുണ്ട്. ആ പാവനാംഗിയുടെ കാൽപോയ് പിടിക്കു"

നൂർജ്ജിഹാൻ മന്ദം മന്ദം ആ രജകാംഗനയുടെ അടുക്കലേക്കു നടന്നു.

എന്ത്! ഭാരതസാമ്രാജ്യാധിപൻെറ പട്ടമഹിഷി കേവലം ഒരേഴപ്പെണ്ണായ ആ രജകസ്ത്രീയുടെ കാൽപിടിപ്പാൻ മുതിൎന്നുവെന്നൊ?—ആധുനിക വനിതാലോകം നെററിചുളിക്കുന്നുണ്ടാവാം.

എന്നാൽ ആ രജകസ്ത്രീ രാജ്ഞിയെ അതിന്നനുവദിച്ചില്ല. അവൾ പിന്നോക്കം ചാടി രാജ്ഞിയെ ആ "സാഹസകൎമ്മത്തിൽ" നിന്നു വിലക്കി.

രാജാവ് പിന്നെയും പറഞ്ഞുതുടങ്ങി. "പ്രിയെ നാം രാജപദവിയാൽ മതിമറന്നു യാതൊന്നും കടന്നുകളിക്കരുത്. നമ്മുടെ അപരാധം അന്വേഷിപ്പാനാരുമില്ലെന്നു വിചാരിക്കേണ്ട. "അള്ളാവി"ൻെറ മുമ്പിൽ കൈകെട്ടിനിന്നു നമുക്കു ഇതിന്നെല്ലാം സമാധാനം പറയേണ്ടിവരും. ചെററക്കുടിലിൽ പെററുവളൎന്ന ഒരു പറയൻ ചെയ്തുപോയ കുററത്തിന്നും, കൊററക്കുടയും പിടിച്ചു നടക്കുന്ന ഒരു രാജാവ് ചെയ്ത കുററത്തിന്നും അദ്ദേഹം കല്പിക്കുന്ന ശിക്ഷ ഒന്നുതന്നെയാണ്. അതോൎത്താണ് ഞാൻ കുറച്ചു മുമ്പു നിന്നോടു അത്തരത്തിൽ പെരുമാറുവാനുള്ള ഏക കാരണം. അതിന്നു നീയെനിക്കു മാപ്പുതരണം."

രാജ്ഞിയെ ഇപ്രകാരം സമാധാനിപ്പിച്ചതിൻെറശേഷം, രാജ്ഞിയുടെ സ്വത്തിൻെറ ഒരുഭാഗം ആ രജകസ്ത്രീക്കു അദ്ദേഹം വീതിച്ചുകൊടുത്തു അവളെ സംതൃപ്തയാക്കി വിട്ടു.

അത്തരത്തിലുള്ള നീതിപാലനങ്ങളെല്ലാം ഭാരതഖണ്ഡത്തിൽ നിലനിന്ന്, ഭാരതമാതാവിൻെറ ഭാവി ഭാസുരതരമായിത്തീരട്ടേ.

പി. ശങ്കരൻകുട്ടി.
(സീനിയർ വിദ്ധ്യാൎത്ഥി)

ബട്ലർ പോർട്ടുവയിൻ എടുത്തുകുടിക്കുന്നതുകണ്ട ഗൃഹനായിക
ബട്ലർ: ഞാൻആവശ്യപ്പെട്ടുന്നു

ബട്ലർ: ഞാനും—നിങ്ങൾ പുറത്തേയ്ക്കുപോയിരിക്കുന്നു
എന്നാണ് ഞാൻവിചാരിച്ചതു.

*　　　*　　　*

യോഗ്യനായ ഭൎത്താവു എപ്പോഴും മറെറാരുസ്ത്രീയുടേതായിരിക്കും എന്നാണത്രെ അധികംസ്ത്രീകളുടേയും വിചാരം. പുരുഷന്മാരുടേയോ?

ഒരു വിദ്യാൎത്ഥി ചെയ്യുന്ന

# വിദ്യാസ്വരൂപഗാനം.

(രണ്ടു വിദ്വാന്മാർ)

പല്ലവം.

പോരുവിൻ! പോരുവിൻ! സാധുസഹോദര-
ന്മാരെ! നമുക്കൊത്തുവേലചെയ്യാം.

---

ആലസ്യമാകും പിശാചികനമ്മുടെ
കാലംകബളിപ്പാൻ നോക്കീടുന്നു
ഊണുമുറക്കവുമല്ലല്ലോനമ്മുടെ
സ്ഥാനത്തെനന്നാക്കിത്തീൎക്കുംപണി.
അപ്പണിപക്ഷിമൃഗാദികളേവൎക്കും
ഒപ്പമതുനമുക്കൊട്ടുംപോരാ.
നമ്മൾചെയ്തീടേണ്ടതെന്തെന്നു നാംതന്നെ
നന്മയിലോൎത്തു ചെയ്തീടേണം
(പോരുവിൻ! പോരുവിൻ!)

ബാലകന്മാർ നമ്മളിക്കാലംവേണ്ടുന്ന-
വേലയെച്ചെയ്യാതിരുന്നുവെന്നാൽ
കാലം കഴിഞ്ഞുപോമൊന്നിനുംകൊള്ളാത്ത
ക്കോലംകൊണ്ടെന്തുനമുക്കുകാൎയ്യം?
അജ്ഞാനമൂഢമാം ജീവിതംനമ്മൾക്കി
വിജ്ഞാനഭൂമിയിൽചേരുകില്ല.
ഒന്നിനുംകൊള്ളാതെ ജീവിച്ചിരിപ്പതിൽ-
നന്നല്ലോവേഗംമരിപ്പതോൎത്താൽ
(പോരുവിൻ! പോരുവിൻ!)

നമ്മുടെജന്മംനമുക്കുംപരന്മാൎക്കും
നന്മക്കുമൂലമായ്വന്നീടേണം
വിദ്യാവിഹീനമാംജന്മമേനിഷ്ഫല-
മുദ്യാനബന്ധൂകസൂനംപോലെ.
ആയതുകൊണ്ടുനാംവിദ്യാവിഷയത്തി-
ലായതമുദ്യമംചെയ്തീടേണം.
ഏതൊന്നിനുംവിദ്യയാവശ്യമാണെന്നു
ബോധിച്ചുണരുവിൻവിദ്യനേടാൻ.
(പോരുവിൻ! പോരുവിൻ)

ആധുനികസിൻഡു രാജ്യപരിഷ്കാരികളുടെ നേതാവായ

# ഹിരാനന്ദൻ.

ഈ തലവാചകത്തിൽ കഴിഞ്ഞ ജൂലായി 30-ാംനു- പാലക്കാട്ടുനിന്ന് പ്രസിദ്ധിപ്പെടുത്തിയ 'സ്കോളർ' എന്ന മാസികയിൽ ടി. യൽ. വാസ്വാണി എഴുതിയ ഉപന്യാസത്തിന്റെ ഒരു തർജ്ജമയാകുന്നു ഇവിടെ കൊടുക്കുന്നത്.

ജൂലായി 14-ാംനു- ഈ ദിവസം യങ്ങ് ഇന്ത്യയുടെ കാലവിവരപ്പട്ടികയിൽ ഒരു പരിശുദ്ധദിവസമാകുന്നു. മഹാഭക്തനും, സ്വരാജ്യസ്നേഹിയും ആയിരുന്ന സാധുഹിരാനന്ദൻ 1892 ജൂലായിമാസം 14-ാം യാണ് ഇഹലോകവാസം വെടിഞ്ഞത്!

അദ്ദേഹത്തിന്റെ പാദങ്ങളിൽ ഞാൻ കൊല്ലംതോറും എന്റെ ചെറുകുസുമങ്ങൾ (ചെറുലേഖനങ്ങൾ) പ്രേമത്തോടും ഭക്തിയോടും കൂടി അർപ്പിക്കുകപതിവാണ്. ഇപ്പോഴത്തെ കുഴപ്പബഹളങ്ങളുടെ ഇടയിൽ എന്റെ വിചാരവീചികൾ പലപ്പോഴും അദ്ദേഹത്തിന്റെ അടുക്കൽചെന്ന് അലച്ചിരുന്നു. എന്തുകൊണ്ടെന്നാൽ, യഥാർത്ഥസ്വാതന്ത്ര്യം സാധനകൂടാതെ സാധിക്കയില്ലെന്ന തത്വം, ഞാൻ അദ്ദേഹത്തിന്റെ അടുക്കൽനിന്നായിരുന്നുപഠിച്ചിട്ടുള്ളത്. സാധന എന്നുവെച്ചാൽ ആത്മനിയമനവും, എളിയജീവിതവും, നൽകുന്ന ശക്തി-അതായത് ആത്മശക്തിയാകുന്നു. ബാഹ്യപ്രപഞ്ചത്തിന്നുപുറമെ, ആന്തരമായും ഒരു രാജ്യമുണ്ട്, അതായത്, (ആത്മരാജ്യം). ഇങ്ങിനെ ഒരു രാജ്യമുണ്ടെന്നുള്ളതിലേക്ക് ഹിരാനന്ദൻ സാക്ഷ്യം വഹിച്ചിരിക്കുന്നു. ഇന്ത്യാരാജ്യവും അതിന്റെ ചരിത്രത്തിലെ മുഖ്യഘട്ടങ്ങളിലെല്ലാം ആത്മരാജ്യം ഉണ്ടെന്നുള്ളതിന്നു സാക്ഷ്യംവഹിച്ചിട്ടുണ്ട്. പുരാതനകാലം മുതൽക്കേ ഞങ്ങളുടെ പൂർവ്വന്മാരായ ഋഷികൾ ആദരിച്ചുപോന്ന ആദർശങ്ങൾ ഇന്നു ഇന്ത്യക്കാർ സ്വയമായിത്തന്നെ കണ്ടുപിടിക്കേണം. ഇന്ത്യക്കാരുടെ ഈ സ്വയമായ ആത്മദർശനത്തിൽ ഇന്ത്യയുടെ ആത്മശക്തി ഇന്ത്യതന്നെ വീണ്ടും കണ്ടുപിടിക്കുന്നതിൽ ആകുന്നു സ്വരാജ്യരഹസ്യം ഇരിക്കുന്നതെന്നുള്ള കാര്യം ഞാൻ മനസ്സിലാക്കീട്ടുണ്ട്.

നമ്മൾ സ്വദേശി, എന്ന് ഘോഷിക്കുന്നത് കേട്ടാൽ ഇതു് ഇക്കാലത്തെ ഒരു കണ്ടുപിടുത്തമാണെന്ന് തോന്നിപ്പോകും. എന്നാൽ ഹിരാനന്ദൻ മുമ്പുതന്നെ സദാ ധരിച്ചുവന്നിരുന്നത് സിണ്ട് ദേശക്കാർ നെയ്തുണ്ടാക്കിയ സ്വദേശിവസ്ത്രങ്ങളായിരുന്നു.

നമ്മൾ ഇപ്പോൾ മദ്യബഹിഷ്കരണത്തെപ്പററിയും ലഹള കൂട്ടുന്നുണ്ട്. എന്നാൽ ഹിരാനന്ദൻ വളരെ മുമ്പുതന്നെ ഹൈദരാബാദിൽ മദ്യസേവയെ ആക്ഷേ

പിച്ച് അതിനോടെതിർത്ത് പോരാടുവാൻ തുടങ്ങിയിരുന്നു. ഈ പോരാട്ടത്തിൽ അദ്ദേഹത്തെ ധൈര്യപ്പെടുത്തി ഉത്സാഹിക്കുവാൻ പൊതുജനങ്ങൾ ഇന്നത്തെപ്പോലെ അന്നുണ്ടായിരുന്നില്ല. നേരെ മറിച്ച്, ജനങ്ങൾ അദ്ദേഹത്തിന്റെ മേൽ, ചളിയും ചരലും എടുത്തെറിഞ്ഞിരുന്നതായി ഞാൻ അറിയും. പക്ഷെ, അദ്ദേഹം ജനങ്ങൾക്കുപകാരം ചെയ്യാൻ സന്നദ്ധനായി പുറപ്പെട്ടിരുന്നതിനാൽ ഈ വകയൊന്നും അദ്ദേഹം വകവെച്ചില്ലെന്നുമാത്രമല്ല, സ്വദേശികാര്യത്തിലും മദ്യപരിവർജ്ജനകാര്യത്തിലും തനിക്കെതിരായി നിന്നിരുന്ന അന്യരോടും, തന്റെ അഭിപ്രായത്തോടു യോജിക്കാത്ത മററുള്ള രാജ്യക്കാരോടും അദ്ദേഹം അശേഷംപോലും ദ്വേഷമൊ, വെറുപ്പൊ കാണിക്കുകൂടി ഉണ്ടായിരുന്നില്ല.

പിന്നെ നമ്മൾ സ്വദേശീയവിദ്യാഭ്യാസവിഷയത്തിലാണ് ഘോഷം കൂട്ടുന്നത്. പക്ഷെ ഹിരാനന്ദൻ ഏററവും ശ്ലാഘ്യമായ ആദർശങ്ങളെ മുൻനിർത്തി, ഒരു ദേശീയവിദ്യാലയം ആ കാലത്തുതന്നെ സ്ഥാപിച്ചു നടത്തിവന്നിരുന്നു. തന്റെ സ്വാർത്ഥരാഹിത്യംമൂലം, താൻ ആ സ്കൂൾഫണ്ടിൽനിന്നു ഒരൊററ ഉറുപ്പികപോലും സ്വന്താവശ്യത്തിന്നായി എടുത്തില്ല. അദ്ദേഹം തന്റെ വിദ്യാർത്ഥികളെ പ്രാപഞ്ചികവിഷയങ്ങളായ ദ്രവ്യസമ്പാദനം മുതലായവയിൽ വൈദഗ്ദ്ധ്യം നേടുവാനല്ല ഉത്സാഹിപ്പിച്ചതും ശീലിപ്പിച്ചതും; എന്നാൽ മനുഷ്യനിൽ ലയിച്ചുകിടക്കുന്ന ആത്മചൈതന്യത്തെ ഉണർത്തി അതിനെ പുറത്ത് പ്രകടിപ്പിപ്പാനായിരുന്നു അവരെ അഭ്യസിപ്പിച്ചത്. വിദ്യാർത്ഥികളുടെ മനസ്സിൽ സ്വാഭാവികമായി ഉന്തിത്തള്ളി വന്നിരുന്ന വികാരങ്ങളെ ബലാൽ അമർത്തിക്കൊണ്ടല്ലായിരുന്നു അദ്ദേഹം വിഹിതമാർഗ്ഗങ്ങളിലേക്ക് അവയെ തിരിക്കുവാൻ ശ്രമിച്ചുവന്നത്. ആത്മശക്തിയുടെ രൂപാന്തരങ്ങളായ അനുകമ്പ, സ്നേഹം, മുതലായ സൗമ്യശക്തികളെ ഉപയോഗിച്ച് വിദ്യാർത്ഥികളുടെ വികാരങ്ങളെ ക്രമപ്പെടുത്തി സന്മാർഗ്ഗങ്ങളിലേക്ക് തിരിച്ചുവിടുവാനായിരുന്നു അവരെ അഭ്യസിപ്പിച്ചത്. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം ശുശ്രൂഷയാകുന്നു. (സമുദായശുശ്രൂഷ-ദരിദ്രന്മാരുടേയും താഴ്ന്നവരുടേയും ശുശ്രൂഷ) ഈ തത്വം പല പ്രകാരത്തിലും നമ്മെ ഗ്രഹിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

സ്ത്രീകളുടെ ഇടയിൽ ഉണർവ്വുണ്ടാക്കുന്നകാര്യത്തിലാണ് പിന്നെത്തെഘോഷം. ഹിരാനന്ദന്റെ ഹൃദയം സ്ത്രീകളോടുള്ള അനുകമ്പയാൽ ആർദ്രമായിരുന്നു ബാലികാവിദ്യാഭ്യാസം ദേശീയപദ്ധതിയിൽകൂടി കൊണ്ടുപോകാൻ അദ്ദേഹം വളരെ ആഗ്രഹിച്ചിരുന്നു. അതിന്നനുസരിച്ച് ഒരു വിഷയപരിപാടി തെയ്യാറാക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെസ്വരാജ്യസ്നേഹം കളങ്കരഹിതമായിരുന്നു. അസാധാരണശ്രദ്ധയോടുകൂടിയായിരുന്നു ദരിദ്രരേയും രോഗികളേയും അദ്ദേഹം ശുശ്രൂഷിച്ചിരുന്നത്. അതുകൊണ്ട് ഹിരാനന്ദന്റെ വിശുദ്ധനാമധേയം കറാച്ചിയിലുള്ള കുഷ്ഠരോഗാസ്പത്രിയുടെ പോരോടുകൂടി ഘടിപ്പിച്ചിട്ടുള്ളത് എത്രയോ വിഹിതമായിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതചരിത്രം പഠിക്കുമ്പോൾ എന്റെ മനസ്സിൽ

സെൻററ് ഫ്രാൻസീസ് ഓഫ് അസ്സിസി - ജാപ്പാനിലെ സദേശസ്നേഹിസോനോ ട്ടോക്ക് എന്നിവരുടെ പേരുകൾ ഓൎമ്മവരുന്നു.

"മഹത്വത്തിൻെറ രഹസ്യം!" ഈ തത്വത്തെക്കുറിച്ച് നമുക്ക് ഹിരാനന്ദൻെറ സ്വന്തവാക്കുകൾതന്നെ കേൾക്കുക. അദ്ദേഹം കൽക്കത്തയിലെ 'The Egles Nest' എന്ന സംഘത്തിലെ അംഗമായിരുന്നപ്പോൾ വെച്ചിരുന്ന ദിനസരിയിൽ അദ്ദേഹം ഇപ്രകാരം എഴുതി: അല്ലയോ ദിവ്യപിതാവേ! അങ്ങയുടെ വിശ്വസ്തപുത്രനാവാൻ എനിക്ക എന്നെങ്കിലും സാധിക്കുമൊ?" വേറെ ഒരു ദിക്കിൽ ഇങ്ങിനെ എഴുതി "നിങ്ങളുടെ ജീവദശയിൽ എന്തു ചെയ്യാൻ വിചാരിക്കുന്നു? ജനങ്ങളുടെ സ്തുതിയും അഭിനന്ദനവും കിട്ടുവാൻ മാത്രം ശ്രമിക്കുമെന്നോ? ഒരിക്കലുമില്ല" ഇവക്കുശേഷം, അദ്ദേഹത്തിൻെറ മനസ്സിൽ സൎവ്വപ്രധാനമായിനിന്നിരുന്ന വാഞ്ഛിതത്തെപ്പററി ഇപ്രകാരംവിശദീകരിക്കുവാൻ ഭാവിച്ചു "ത്യാഗംചെയ്യുക" (Sacrifice) അതായിരുന്നു അദ്ദേഹത്തിൻെറ മുഖ്യഉദ്ദേശം. തനിക്കുണ്ടായിരുന്ന സ്വത്തു മുഴുവനും രാജ്യത്തിന്നുവേണ്ടി ബലി കഴിച്ചതിൽപിന്നെ സ്വരാജ്യശുശ്രൂഷണം ചെയ്തുംകൊണ്ടു് ജീവിതം നയിക്കയും 1892-ൽ മുപ്പതാമത്തെ വയസ്സിൽ അദ്ദേഹം മരണം അടയുകയും ചെയ്തു. മരണപൎയ്യന്തം അദ്ദേഹം അഗതിശുശ്രൂഷ, യുവജനശുശ്രൂഷ ആസ്പത്രികളിലെ രോഗിശുശ്രൂഷ, വിഷൂചികാരോഗികളുടെ ശുശ്രൂഷ ഇവകൾ നടത്തി; ദരിദ്രകളും, വിധവകളും, ആയവരുടെ അടുക്കെചെന്നു അവൎക്കുവേണ്ടുന്ന സഹായസഹകരണങ്ങൾചെയ്തു. വിദ്യാൎത്ഥിഹൃദയങ്ങളിൽ നൂതനവിദ്യാഭ്യാസസമ്പ്രദായത്തിൻെറ വിത്തുകൾ വിതച്ചു. ഇങ്ങിനെ പരിശുദ്ധവും, ശാന്തവുമായ ആ മഹാൻെറ ജീവിതത്തിൽനിന്നു മഹത്തായ ഒരു പ്രകാശം എല്ലാദിക്കിലും ചിന്നിച്ചിതറി. ഒരുരാജ്യക്കാർ ഭാവിയിൽ ഏതുനിലനിൽ എത്തിച്ചേരേണമെന്നാണോ ദൈവേച്ഛ, ആ നിലക്കാവശ്യമായിരുന്ന സകല ഗുണങ്ങളേയും മഹാകൎത്താവായ ദൈവത്തിൽ സ്ഥിരമായ ഭക്തി, വിശ്വാസം, വിനീതസ്വഭാവം, മിതജീവിതം, മുതലായസ്വാതചിക ഗുണങ്ങളിൽനിന്നുണ്ടായ പ്രകാശമായിരുന്നു ഈ മഹാൻെറ ജീവിതത്തിൽനിന്നനുഭവിച്ചതു്. സാധുഹിരാനന്ദനേ തീൎച്ചയായും സൎവ്വാത്മാവായ ദൈവം തൻെറ പരിശുദ്ധാത്മാവിനെത്തന്നെ കൊടുത്തു അനുഗ്രഹിച്ചിരിക്കുന്നുവെന്നാണ് എൻെറ പൂൎണ്ണവിശ്വാസം. അല്ലാഞ്ഞാൽ അദ്ദേഹത്തിന്നു സിൻഡുരാജ്യത്തിന്നു ഇപ്രകാരം ഒരു പുതു "ജീവസ്സ്" കൊടുപ്പാൻ സാധിയുണ്ടാകയില്ല. അതിനാൽ ഇപ്പോൾ ദൈവത്തോടുള്ള എൻെറപ്രാൎത്ഥന ഇപ്രകാരമാകുന്നു.

"അല്ലയോ ദിവ്യചൈതന്യമൂൎത്തെ! അല്ലയൊപ്രേമസ്വരൂപ! സാധുഹിരാനന്ദനെപ്പോലെ ആത്മസമ്പത്തിയുള്ള സ്ത്രീപുരുഷന്മാരെ സിൻഡുരാജ്യത്തേക്കു ധാരാളമായി ഇനിയും നൽകേണമെ"!

കെ. വി. അച്ചുതമേനോൻ.

# OUR COMPETITION PAGE.

## AMUSING PROBLEM.

M. Gopinatha Menon, of the Junior Intermediate Class gets the prize awarded by Mr. K. V. Vasudeva Iyer for the solution of the 'Amusing Problem' contained in the last issue of the Magazine. Only six students sent in solutions but it is creditable that all of them were correct. The remaining five students are :

(1) P. Govinda Menon, (J. I.) (2) D. Neelakandhan Namboodiripad, (S.I.) (3) R. G. Naganathan, (S. I.) (4) V. Rama Iyer, (J. I.) (5) R. Venketeswaran, (J.I.)

The numbers are 840, 28560, 970224, 32959080, 1119638520 and 38034750624.

The solution which Mr. K. V. Vasudeva Iyer has sent me is as follows :—

(1) $24=7^2-5^2=(7+5)\ (7-5)$.

(2) $840=41^2-29^2=(41+29)\ (41-29)$

(3) $21560=239^2-169^2=(239+169)\ (239-169)$

(4) $970224=1393^2-985^2=(1393+985)\ (1393-985)$

(5) $32959080=8119^2-5741^2=8119+5741)\ (8119-5741)$

(6) $1119638520=47321^2-33461^2=(47321+33461)\ 47321-33461)$

(7) $38034750624=275807^2-195025^2=(275087+195025)\times(275087-195025)$.

For (2) above, multiplying (7+5) or 12 by 3 and adding 5, we get 41 and multiplying (7+5) or 12 by 2 and adding 5, we get 29.

For (3) above, multiplying (41+29) or 70 by 3 and adding 29, we get 239 and multiplying (41+29) or 70 by 2 and adding 29, we get 169.

For (4) above, multiplying (239+179) or 408 by 3 and adding 169, wet get 1393 and multiplying (239+169) or 408 by 2 and adding 169, we get 985.

For (5) above, multiplying (1393+985) or 2378 by 2 and adding 985, we get 8119 and multiplying (1393+985) or 2378 by 2 and adding 995, we get 5741.

For (6) above multiplying (8119+5741) or 13860 by 3 and adding 5741, we get 47321 and multiplying (8119+5741) or 13860 by 2 and adding 5741, we get 33461.

For (7) above, multiplying (47321+33461) or 80782 by 3 and adding 33461, we get 275807 and multiplying (47321+33461) or 80782 by 2 and adding 33461, we get 195025.

# MISSING WORDS.

In the following verse, the missing words have to be supplied. Each word consists of the *same six* letters.

*A—sat in his—grey*
*Watching the moonbeams'—play*
*On a keg that in the bushes lay,*
*'Thou—the weak, thou—the strong;*
*The—of great battles to thee may belong,'*
*And the leaves with a—took up the song.*

I shall give a prize to the sender of the first correct answer examined by me. The answers must be sent to me in covers marked. "Missing Words." The competition is open only to the present students of the College who purchase copies of this Magazine.

A. V. K. KRISHNA MENON.


# TALISMANS AND CHARMS

**For those People to Avoid all Sorts of Misfortunes and enter the Gates of Successful Life.**

| | RS. | AS. |
|---|---|---|
| For Honour, Riches, Learning and Greatness | 7 | 8 |
| For Health, Physical Strength, etc. ... | 7 | 8 |
| For Power of Eloquence, Speeches, etc. ... | 7 | 8 |
| For Success in any Undertaking or Litigation, etc... | 10 | 0 |
| For Success in Sport, Racing, Games, etc. ... | 7 | 8 |
| For Success in Spiritual and Religious Life ... | 10 | 0 |
| For Success in Trade and Business ... | 10 | 0 |
| For Agricultural Prosperity, Farming, Good Crops, etc.... | 7 | 8 |
| For Success in Mining Plumbago, etc. ... | 100 | 0 |
| For Success in Gemming ... | 225 | 0 |
| Rabbi Solomon's Special Talisman for every success... | 15 | 0 |
| Specially valued and worn by every successful Hebrew, 2nd quality ... | 21 | 0 |
| 1st quality | 30 | 0 |

*NOTE.—A Money order or G. C. Notes will bring the Talisman to your door. One Extensive Life Reading Rs. 15, two Rs. 25, three Rs. 30 or more at a time at Rs. 10 per Reading. Remit with birth date. Always the full amount should be remitted in advance. No V. P. P.*

**Apply to:— D. A. RAM DUTH, ASTROLOGER,**
**No. 30 & 55 (z c.) Cheku Street, Colombo, (Ceylon).**

# അധിവക്താക്കൾ.

## (Lawyers)

(ടി. വി. ആർ. കുറുപ്പ്.)

അധിവക്താക്കൾ (വക്കീലന്മാർ) പ്രവൃത്തിയെ അടിസ്ഥാനപ്പെടുത്തി ആലോചിച്ചു നോക്കുമ്പോൾ ഒരു പ്രത്യേകവർഗ്ഗക്കാരാകകൊണ്ട്, അവരുടെ അവാന്തരവിഭജനം അത്യന്താപേക്ഷിതമല്ലെന്നും പക്ഷേ തോന്നുമായിരിക്കാം. എന്നാൽ അധികൃതന്മാർതന്നേ ഇവരെ ബാരിസ്റ്റർ. അഡ്വക്കേററ്, അററണ്ണി, ഒന്നാംഗ്രെയിഡുവക്കീൽ, രണ്ടാംഗ്രെയിഡുവക്കീൽ എന്നിങ്ങിനെ തരം തിരിച്ചിട്ടുണ്ട്. 'നാട്ടുകാരാ" വട്ടെ, ഈ സംഘത്തിൽ "പാറവക്കീൽ" എന്ന ഒരു പുതിയവർഗ്ഗത്തേ സൃഷ്ടിച്ച് ഉൾപ്പെടുത്തീട്ടും ഉണ്ട്. ഇത്രയും സൂക്ഷ്മമായ വിഭജനം ചെയ്തുകഴിഞ്ഞ സ്ഥിതിക്ക്, ഇനി ഒരു നവീനവിഭജനത്തിന്ന് നിർവ്വാഹമോ ആവശ്യകതയൊ ഇല്ലെന്നു തോന്നുന്നുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. എങ്കിലും ഇതിനിടയിൽ ഒരു മഹാരസികൻ വക്കീലന്മാരെ ഒരു പുതിയ പ്രകാരത്തിൽ വിഭജിച്ചതായി അറിയുന്നു.

ഇദ്ദേഹത്തിൻെറ അഭിപ്രായത്തിൽ അഭിഭാഷകന്മാരുടെ അഗ്രസ്ഥാനത്തിൽ വർത്തിക്കുന്നതു "മഹാരഥന്മാർ" എന്ന ഒരു വർഗ്ഗക്കാരാണത്രെ.

"ആത്മാനം സാരഥിംചാശ്വം  
രക്ഷൻ യുദ്ധ്യേതയോനര:  
സമഹാരഥസംജ്ഞ:സ്യാ  
ദിത്യാഹുന്നീതികോവിദാ:"

ഇതാണു മഹാരഥത്തിൻെറ പ്രാചീന നിർവ്വചനം. ഇതിൻെറ താല്പര്യം:- തനിക്കും സാരഥിക്കും കുതിരക്കും യാതൊരുഹാനിയും തട്ടാത്ത നിലയിൽ യുദ്ധംചെയ്യുന്ന ഒരു രണശൂരനാണ് "മഹാരഥൻ" എന്നു നീതിശാസ്ത്രജ്ഞന്മാർ പറയുന്നു. ഈ നിർവ്വചനം പരാമർശിക്കുന്ന മഹാരഥനേയല്ല ആ രസികൻ വിവക്ഷിച്ചിട്ടുള്ളതു്. അദ്ദേഹത്തിൻെറ അഭിസന്ധി സ്വന്തമായി ഒരു കാറുള്ള വക്കീൽ മഹാരഥൻഎന്ന അഭിധാനത്തേ അർഹിക്കുന്നുണ്ട് എന്നാകുന്നു. കാറിൻെറ ആവിർഭാവത്തിനും പ്രചരണത്തിനും മുമ്പ് സ്വന്തമായി ഒരു കുതിരവണ്ടി ഉള്ളവനും ഈ സംസ്ഥാനത്തിന്ന് അർഹൻ തന്നെ ആയിരുന്നു. എന്നാൽ കാർപ്പുറപ്പെട്ടുതുടങ്ങിയതിൽപിന്നെ, മഹാരഥശബ്ദത്തെ നിലനിത്താൻവേണ്ടി ഈ തരക്കാർ സാമാന്യ

ത്തിലധികം ക്ലേശിക്കേണ്ടിവന്നിരിക്കുന്നു. ഇപ്പോഴത്തെ മഹാരഥസംഘത്തിൽ രണ്ടുതരക്കാരുണ്ട്;ഒന്ന് നൈസ്സർഗ്ഗികമഹാരഥനും മറേറതു് കൃത്രിമമഹാരഥനും ആകുന്നു. ശ്രീമാൻ ഡി. ദാമോദരറാവു അവർകൾ, ശ്രീമാൻ കെ. പി, രാമന്മേനോൻ അവർകൾ മുതലായവർ, കാറിന്റെ അഭാവത്തിൽ കൂടി മഹാരഥന്മാർ തന്നെയാണെന്ന് പറയുന്നതായാൽ ആർക്കും വിമതി ഉണ്ടാകുമെന്ന്തോന്നുന്നില്ല. അവർ അന്യാദൃശമായ യോഗ്യതകൊണ്ടുതന്നെ മഹാരഥന്മാരാണെന്ന് പരിപന്ഥികൾ കൂടി സമ്മതിക്കുന്ന ഒരു വാസ്തവമാണ്. അഭിനന്ദനീയങ്ങളായ ഗുണങ്ങളുടെ പൌഷ്കല്യം ഉള്ള ഈ വക മഹാന്മാരെ നൈസ്സർഗ്ഗികമഹാരഥന്മാരായി ഗണിക്കാവുന്നതാണ്. കാറിന്റെ ബലംകൊണ്ടു മാത്രം മഹാരഥശബ്ദത്തെ ബലാല്ക്കാരേണ സ്വായത്തമാക്കുവാൻ പ്രയത്നിക്കുന്ന വക്കീലന്മാർ കേവലം കൃത്രിമമഹാരഥന്മാർ മാത്രമാകുന്നു എന്ന് പറയേണ്ടതില്ലല്ലോ.

ഈ മാന്യരസികന്റെ അഭിപ്രായത്തിൽ രണ്ടാംതരക്കാൎക്ക് "അർദ്ധരഥന്മാർ" എന്ന സ്ഥാനത്തെ നല്കാവുന്നതാണ്. കാറുള്ള കൂട്ടരിൽ അർദ്ധരഥന്മാർ പ്രായേണ വിരളന്മാരാണ്. അർദ്ധരഥന്മാർ അധികവും കുതിരവണ്ടിക്കാർ ആണത്രെ. ഒരു കുതിരവണ്ടിയിൽ രണ്ടു വക്കീലന്മാർ സഞ്ചരിക്കുന്നുണ്ടെങ്കിൽ—ഇങ്ങിനെയുള്ളവർ ധാരാളമുണ്ടെന്നു പറയേണ്ടതില്ലല്ലോ അവരിൽ ഓരോ ആൾക്കും പ്രത്യേകമായി അർദ്ധരഥസ്ഥാനത്തിന്നു അവകാശമുണ്ടായിരിക്കുന്നതാണ്; അർദ്ധരഥൻ എന്ന പദത്തിന്നു ഒരു കുതിരവണ്ടിയുടെ അർദ്ധാംശത്തിന്നു അവകാശമുള്ളവൻ എന്നാകുന്നു അർത്ഥം. അർദ്ധരഥന്മാരുടെ ഇടയിൽ കൃത്രിമമഹാരഥന്മാരെ അതിശയിക്കുന്ന അനേകം യോഗ്യന്മാർ ഉണ്ടെന്നുള്ള വാസ്തവം അതിരോഹിതമാകുന്നു. മൂന്നു വക്കീലന്മാർ ഒരു കുതിരവണ്ടിയിൽ കോടതിക്കു പോകുന്നുണ്ടെങ്കിൽ അവരെ "ത്രിരഥന്മാർ" എന്നു വിളിക്കുന്നതിന്നു വിരോധമില്ലെന്നു ആ മാന്യൻ അഭിപ്രായപ്പെടുന്നു. ഇവരിൽ ചിലരെ കേവലം അവഗണിക്കാൻ പാടില്ലെന്നും പറയേണ്ടിയിരിക്കുന്നു.

ഇനി അല്പം പ്രസ്താവിക്കാനുള്ളതു് പാദരഥന്മാരെക്കുറിച്ചും ചക്രികാരഥന്മാരെക്കുറിച്ചും ആകുന്നു. ഒരു കുതിരവണ്ടിയിൽ നാലു വക്കീലന്മാർ കോടതിക്കു പോകുന്നുണ്ടെങ്കിൽ അവരിൽ ഓരോരുത്തനിലുംപാദരഥൻ എന്ന സ്ഥാനംപ്രത്യേകിച്ചിരിക്കുന്നതാണ്. പാദരഥൻ എന്നുവെച്ചാൽ ഒരു കുതിരവണ്ടിയുടെ നാലിലൊരംശത്തിന്റെ അവകാശി എന്നാകുന്നു. സ്വല്പമായ ധനാഗമംമാത്രം ഉള്ളവൎക്ക് പാദരഥന്മാരായിരിക്കുവാനെ തരമുള്ളൂ എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. എന്നാൽ ധനാഗമം ലഘുവാണെങ്കിലും അഭിമാനഗൌരവംകൊണ്ടുംതങ്ങളുടെ പാദരഥത്വം ധനാഗമത്തിന്നു ഒരു പ്രതിബന്ധമായേക്കാം എന്ന ഭയം കൊണ്ടും ഇവരുടെ സംഖ്യ ക്രമേണ കുറഞ്ഞുവരുന്നുണ്ടെന്നുള്ളതു ഇവിടെ സസന്തോഷം പ്രസ്താവിച്ചുകൊള്ളുന്നു. കോടതിക്കു നടന്നുപോകുന്ന വക്കീലന്മാരേയും

അത്ഥാന്തരാളസാരേണ പാദരഥന്മാർ എന്നു വിളിക്കുന്നതിൽ അസാംഗത്യമൊ അനൗചിത്യമോ ഉണ്ടെന്നു തോന്നുന്നില്ല.

ഛിചക്രികാരൂഢന്മാരായി കോടതിക്കു പോകുന്ന വക്കീലന്മാരെ ചക്രികാരഥന്മാർ എന്നു വിളിക്കാവുന്നതാണ്. രണ്ടാംതരം പാദരഥന്മാരും ചക്രികാരഥന്മാരും ഇപ്പോൾ അസ്തംഗതന്മാർ ആയിത്തീൎന്നിട്ടുള്ളതു സന്തോഷസ്ഥാനമാകുന്നു.

ഈ ഉപന്യാസത്തെ ഉപസംഹരിക്കുന്നതിന്നുമുമ്പായി·പരിതാപകരമായ ഒരു സംഗതിയെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആ രണ്ടാംതരം പാദരഥന്മാരും ചക്രികാരഥന്മാരും ഇപ്പോൾ നരരഥന്മാരായി രൂപവിപരിണാമത്തെ പ്രാപിച്ചിരിക്കുന്നു എന്നുള്ളതാകുന്നു. സൎവ്വൈശ്വൎയ്യസമ്പന്നനായ വൈശ്രവണൻകൂടി "നരവാഹന"നാകകൊണ്ട് ഇവരിൽ സാമാന്യജനങ്ങൾക്കു യാതോരു ജുഗുപ്സയും ഉണ്ടാവാൻ ന്യായമില്ലെന്നു അവർ വാദിക്കുന്നുണ്ടെങ്കിൽ, അതിന്നു യുക്തിയും ഔചിത്യവും സ്വല്പമാണെന്നു പറയാതെ നിവൃത്തിയില്ല. നരവാഹനന്മാരുടെ പ്രാദുൎഭാവവും "റിക്ഷവണ്ടി"യുടെ ആവിൎഭാവവും സമാനകാലികമാണെന്നു മാന്യവായനക്കാർ അനായാസേന ഗ്രഹിക്കുമെന്നു വിശ്വസിക്കുന്നു.

---

<u>കൈപ്പററിയിരിക്കുന്നു.</u> ആംഗ്ലേയചരിത്രം, കേരളകൗമുദി, കൈരളീകങ്കണം, ശ്രീവിവേകാനന്ദസന്ദേശം എന്നീ പുസ്തകങ്ങൾ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. അഭിപ്രായം അടുത്ത സഞ്ചികയിൽ.

---

ഒരു ബുഭുക്ഷു: കാളയുടേ നാവും ആട്ടിൻേറ നാവും തിന്നാൻ വളരെ രസമുള്ളതാണു.
അടുത്തിരിക്കുന്ന സ്നേഹിതൻ: അതേയതേ, എല്ലാ നാവും നന്ന്, സ്ത്രീകളുടേതൊഴിച്ചു.

*　　*　　*

കൊതുവിൻേറ ഇടയിലും ജാതിവ്യത്യാസമുണ്ടത്രെ. 400 തരം കൊതുക്കളുണ്ടെന്നാണ് കാണുന്നത്.

*　　*　　*

ഒരൗൺസു പനീർതൈലം ഉണ്ടാക്കുവാൻ 50,000 പനീർമൊട്ടുകൾ ആവശ്യമാണു്.

*　　*　　*

ഓസ്ത്രേലിയയിൽ ഇപ്പോൾ 2,250,000 കുതിരകൾ ഉണ്ടു്; 1788-ൽ അഞ്ചെണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

# സ്ത്രീധൎമ്മം.

1930 ആഗസ്റ്റ് 24-ാംനു മുതൽ കോഴിക്കോട്ടുവെച്ചു നടത്തിയ സ്വദേശീയവസ്തുപ്രദൎശനത്തിൽ 1930 ആഗസ്റ്റ 30-ാം തീയതി ഉണ്ടായ മഹിളാസമ്മേളനത്തിൽ വെച്ചു ശ്രീമതി കാഞ്ഞുള്ളിവീട്ടിൽ കല്യാണിക്കുട്ടി അമ്മ അവൎകൾ (മിസ്സിസ്സ് പാട്ടത്തിൽ നാരായണമേനോൻ) ചെയ്ത പ്രസംഗത്തിൽ നിന്നു:-

സ്ത്രീധൎമ്മം ചില്ലറ ധൎമ്മമല്ല. "ഇല്ലറമല്ലതു നല്ലറമല്ല" എന്ന തമിഴപഴമൊഴി ഇവിടെ പ്രസ്താവ്യമാണ്. പണ്ടു ഒരു യോഗി ഒരു കാട്ടിൽ ഇരുന്നു തപസ്സു ചെയ്യുകയായിരുന്നു. അക്കാലത്തു രണ്ടു പക്ഷികൾ കളിച്ചു രസിച്ചിരിക്കെ മേൽ പുരണ്ടു വീഴുകയോ മറെറാ ചെയ്തു അദ്ദേഹത്തെ ഉപദ്രവിച്ചു. അപ്പോൾ ദ്വേഷത്തോടുകൂടിയ ഒരു നോട്ടത്താൽ അവയെ ദഹിപ്പിക്കുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞുവത്രെ. അതിനുശേഷം അദ്ദേഹത്തിന്നഹങ്കാരം വൎദ്ധിച്ചു; താൻ ഒരു വലിയ യോഗിയായി എന്നു തന്നത്താൻ നിശ്ചയിച്ചു; വലിയ ഭാവത്തോടെ ഭിക്ഷയ്ക്കു നടന്നു. അങ്ങിനെ ഒരു ഗൃഹത്തിൽ ചെന്നപ്പോൾ ഭിക്ഷ കിട്ടുവാൻ വേണ്ടി അവിടെ അല്പനേരം നില്ക്കേണ്ടിവന്നു. അതുനിമിത്തം ആ അപക്വയോഗിക്കു ക്രോധം ജനിച്ചു, ഉടനെ ആ ഗൃഹം കത്തിച്ചുകളവാൻ തക്കവണ്ണം പക്ഷികളെ നോക്കിയപോലെ ഒന്നു നോക്കി. പക്ഷേ ആ ഗൃഹത്തിന്നു യാതൊരു വികാരവും ഉണ്ടായില്ല. ആ അവസരത്തിൽ ധൃതിയോടുകൂടി യോഗിയെ സൽക്കരിപ്പാനായി പരമസ്വാദ്ധ്വിയായ ആ ഗൃഹത്തിലെ നായിക പുറത്തേക്കുവന്നു, ഇങ്ങിനെ പറഞ്ഞു. "വിഹിതമായ ഗൃഹകൃത്യത്തിൽ നിഷ്ഠയോടുകൂടി ജീവിക്കുന്ന എന്റെ ഗൃഹത്തെ പക്ഷികളെ കരിച്ചമാതിരി കരിക്കുവാൻ നിങ്ങൾക്കു സാധിക്കുന്നതെങ്ങിനെ? ഞാൻ ഭൎത്തൃശുശ്രൂഷയിൽ ഏൎപ്പെട്ടിരുന്നതിനാൽ അല്പം താമസിച്ചുപോയതാണ്." അപ്പോൾ ആ യോഗി അത്ഭുതപരവശനായി. വിജനമായ വനത്തിൽവെച്ചു നടന്ന വൃത്താന്തം ഗൃഹാന്തരത്തിൽ ഇരിക്കുന്ന ഇവരെങ്ങിനെയറിഞ്ഞു, എന്നു വൈവശ്യത്തോടെ അയാൾ ഓൎത്തു. അപ്പോൾ പാടിയതാണത്രെ "ഇല്ലറമല്ലതു നല്ലറമല്ല" എന്നതു്. ഇതൊരു പഴങ്കഥയാണെങ്കിലും നമുക്കു ഇതിൽനിന്നു സാരം എടുക്കാനുണ്ടു്. ഗൃഹസ്ഥാശ്രമം ശരിയായി നടത്തിയാൽ ദിവ്യജ്ഞാനമുണ്ടാകുമെന്നൊന്നുമല്ല ഞാൻ ഇതുകൊണ്ടു പറയുന്നതു്. സാധാരണമായി സ്ത്രീകളിലാണ് ഗൃഹഭാരം എന്നതു വന്നുചേരുന്നതു. സൎവ്വാന്തൎയ്യാമിയായ ജഗദീശ്വരനാൽ സ്ത്രീകളിലാണ് പ്രപഞ്ചമാല കോൎക്കപ്പെട്ടിട്ടുള്ളത്. തമിഴരുടെഇടയിൽ ഭാൎയ്യാപദം ഉപയോഗിക്കേണ്ടെടിക്കിൽ "സംസാരം" എന്നു ഉപയോഗിക്കാറുള്ളതു് എത്രയോ ഹൃദ്യമായും അൎത്ഥവത്തായും എനിക്കു

തോന്നാറുണ്ട്. വാസ്തവസ്ഥിതിയും അങ്ങിനെയല്ലെ? സുഖദുഃഖങ്ങളും മാനാപമാനങ്ങളും ഒക്കെ അധികം ഉള്ളോട്ട തട്ടുമാറു ഉളവാകുന്നത് പ്രായേണ സ്ത്രീകളിലല്ലെ കണ്ടുവരുന്നത്?

സ്ത്രീധൎമ്മത്തിൽപ്പെട്ടതായ ഗേഹഭാരംതന്നെ ചില്ലറയല്ല. അവൎക്ക ഗൎഭഭരണക്ലേശം സഹിക്കുക, പ്രസവാനന്തരം കുറച്ചുകാലം നിൎബ്ബാധമായി യാതൊരായാസവും ചെയ്യാതെ ദേഹത്തെ രക്ഷിച്ചിരിക്കുക എന്നിവയൊക്കെ വിവാഹജീവിതത്തിൽ വേണ്ടിവരുമെല്ലോ. സൎവ്വ ജീവികളുടേയും ഹൃദയാന്തൎഭാഗങ്ങളിൽ സംഭവിക്കുന്ന സൎവ്വ സങ്കടങ്ങളേയും അറിവാൻ ശക്തിയുണ്ടായിരുന്ന സർവ്വജ്ഞൻ-ശ്രീശങ്കരാചാൎയ്യർക്കൂടി ഒരു മാതാവു അവശ്യം അനുഭവിക്കേണ്ടുന്ന കഷ്ടപ്പാടുകളെ സ്പഷ്ടമായി ഇപ്രകാരം വൎണ്ണിച്ചിരിക്കുന്നു.

"ആസ്താംതാവദിയം പ്രസൂതിസമയേ ദുൎവ്വാരശൂലവ്യഥാ
നൈരുച്യം തനുശോഷണം മലമയീശയ്യാ ച സാംവത്സരീ
ഏകസ്യാ പിന ഗൎഭഭാരഭരണക്ലേശസ്യ യസ്യാക്ഷമോ
ദാതും നിഷ്കൃതി മുന്നതോപിതനയസ്തസ്യൈ ജനന്യൈനമഃ"

സകല വേദനകളിലും വെച്ചു വലുതായ പ്രസവവേദന ഉണ്ടാകുന്നതോ ഇരിക്കട്ടെ; രുചിയില്ലായ്മ, ശരീരശോഷണം, ഒരു വൎഷം മുഴുവൻ മലബാധിതശയനം, ഇത്യാദി ദുഃഖങ്ങളെ അനുഭവിക്കേണ്ടിവരുന്നതും ഇരിക്കട്ടെ; മാതാവിൻെറ ഗൎഭഭരണക്ലേശമെന്ന ഒന്നിനു മാത്രമെങ്കിലും പ്രത്യുപകാരം ചെയ്യാൻ ഒരു യോഗ്യനായ പുത്രൻപോലും പ്രാപ്തനല്ല. അപ്രകാരമുള്ള മാതാവിന് നമസ്കാരം എന്നാണ് ഈ ശ്ലോകത്തിൻെറ താല്പൎയ്യം. പക്ഷെ ഈവക ദുഃഖങ്ങളൊന്നും മഹാമായാവലയിൽപെട്ട നമ്മൾക്ക് ദുഃഖമായി തോന്നുകയില്ല. ഐശ്വൎയ്യശക്തിയുള്ളവൎക്ക കുട്ടികളെ നോക്കേണ്ട ബുദ്ധിമുട്ടിന്നു കുറെ ഭേദമുണ്ടായേക്കാമെങ്കിലും ഗൎഭം ധരിച്ചമുതൽ പ്രസവംവരെ മേൽപറഞ്ഞ ബുദ്ധിമുട്ടുകളും ദുൎവ്വാരമായ പ്രസവവേദനയും അവർതന്നെ അനുഭവിക്കണ്ടെ? എത്രതന്നേ ആളുണ്ടായി എന്നിരിക്കിലും ശിശുപരിപാലനം, ഗൃഹഭരണം ഈ വക ഒന്നും വേണ്ടെന്നു വെച്ചാലും ചിലസമയം അതു അവരുടെ അടുക്കലേക്കു വന്നു ചുററുന്നു. അപ്പോൾ ഇവയൊന്നും അവൎക്ക ഒഴിച്ചുകൂടാതെയും വരുന്നു. പിന്നെ എങ്ങിനെയാണ് ഇവയൊക്കെ ഉപേക്ഷിച്ചു പുരുഷന്മാർ മാത്രം മുമ്പു നടത്തിവന്നിരുന്ന കാൎയ്യങ്ങളിലും ഇവൎക്ക സമ്പൂൎണ്ണമായ പ്രവേശനം സാധിക്കുന്നത്? ഇപ്പോഴത്തെ കാലാവസ്ഥകൊണ്ടും സ്ത്രീകൾക്കു വന്നിട്ടുള്ള ചില അഭിപ്രായവ്യത്യാസങ്ങൾകൊണ്ടും ഭയം തോന്നിയതിനാലാണ് ഇത്രയും പറവാനിടയായത്.

മുമ്പു "ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി" എന്നു പ്രസിദ്ധമാണ്. അവൎക്ക അടക്കം, ഒതുക്കം, വണക്കം ഇവയൊക്കെ ഭൂഷണമായിട്ടാണ് പറഞ്ഞുവന്നിട്ടുള്ളത്. "ശീലേനപ്രമദാ" എന്നാണല്ലൊ പ്രമാണം. വിശേഷിച്ചു സ്ത്രീകൾക്കു സകല

ഗുണങ്ങളിലുംവെച്ചു പ്രഥമ ഗണനീയമായി വെച്ചിട്ടുള്ളതു പാതിവ്രത്യമാകുന്നു. അതിന്നു അടിസ്ഥാനമായി നില്ക്കുന്നതു വിവാഹജീവിതത്തിൽ ഉണ്ടാവേണ്ടതായ പ്രണയബന്ധം തന്നെയാണ്. ദാമ്പത്യജീവിതത്തിൽ ഭവിക്കേണ്ടതായ അനുരാഗശക്തിയെക്കുറിച്ചു ഈ വർത്തമാനകാലത്തിലെ മഹാശയ കവിയായ വള്ളത്തോൾ നാരായണമേനവൻ അവർകളുടെ പദ്യരൂപേണയുള്ള ഒരു കല്യാണാശീസ്സു കാണുകയുണ്ടായി, അതു എത്ര ഹൃദ്യമായിരിക്കുന്നു. അതു താഴെ ചേക്കാം: —

"ഉച്ചക്കാളിടുമാതപം കുളർനിലാവാകുന്നതേതൊന്നിനാൽ,
ഉച്ചണ്ഡാനലനേതുകൊണ്ടുമലയപ്പൂന്തെന്നലായ് തീന്നിടും
പിച്ചപ്പാളയെ നല്ല പൊൻതളികയാക്കാനും മിടുക്കേതിനാ-
ണച്ചത്തിൽ തെളിയട്ടെയാപ്രണയസമ്പത്തീവധൂകാന്തരിൽ."

ഇതാണ് വിവാഹജീവിതത്തിൽ ഉണ്ടാവേണ്ട ആനന്ദം. പിന്നെ സ്ത്രീകളുടെ ഗേഹഭാരം വളരെ ദുർഭരമാണ്. അവരക്കു വരുന്ന ആയവ്യയങ്ങളെ ഒരു മന്ത്രിയെപ്പോലെ സൂക്ഷ്മം നോക്കിക്കൊണ്ടും അതിന്നായി അത്യാവശ്യം വേണ്ടിവരുന്ന ദേഹാദ്ധ്വാനങ്ങളെ കൂടി സഹിച്ചുകൊണ്ടും കഴിച്ചുകൂട്ടേണ്ട ഭാരം സ്ത്രീകൾക്കാണ് മുഖ്യമായിട്ടുള്ളതു്. ഭക്ഷണാദികൾ പാകം ചെയ്യുന്നതിലും ചെയ്യിക്കുന്നതിലും അതിന്റെ അവസ്ഥാനുസരണമുള്ള വിഭാഗവും കൂടി അവർ ചെയ്യേണ്ടതായും ചെയ്യിക്കേണ്ടതായും, അറിയേണ്ടതായും അറിയിക്കേണ്ടതായും വരുന്നു. അതും ദ്രവ്യം കുറഞ്ഞവരാണെങ്കിൽ വളരെ കഷ്ടപ്പാടുതന്നെ. "തരസാ നെല്ലുവറുത്തു കുത്തിയും" കുടുംബഭാരം നിർവ്വഹിക്കേണ്ടിവന്നേക്കാം. ശിശുപരിപാലനം, ഭർത്തൃശുശ്രൂഷണം, ഗൃഹഭരണം, അതിഥിപൂജനം, യഥാശക്തി ധർമ്മവിഷയമായുള്ള ദാനം ഇവയൊന്നും കൂടാതെയിരിക്കുന്നതു ദേഹത്തിന്നും ഗേഹത്തിന്നും ഒരുപോലെ ദോഷകരമാണ്. ഒന്നാമതു ഇവയൊന്നും നോക്കാഞ്ഞാൽ ഭൃത്യവർഗ്ഗങ്ങൾ തോന്നിയവണ്ണം കാട്ടി അധികവ്യയം നേരിടീക്കുന്നതുമാണ്. വളരെ ദ്രവ്യമുള്ളവക്കു ഇതു ബാധകമല്ലായിരിക്കാം. പക്ഷെ കഷ്ടിയായുള്ളവക്കു ഒടുക്കം കഷ്ടമായും വന്നേക്കും. അങ്ങിനെതന്നെ അതിമായ ലോഭം നിമിത്തം വിഹിതമായ ചിലവുചെയ്യാതെയും, സൗജന്യസല്ക്കാരാദികൾ നടത്താതേയും, ഭൃത്യവർഗ്ഗങ്ങളെ സമസൃഷ്ടികളല്ലെന്ന വിധത്തിൽ കഷ്ടപ്പെടുത്തിയുംമററും കഴിയുന്നതായാൽ ആ ഗൃഹവും ശൂന്യംതന്നെ.

"അത്യന്തം ഭൃത്യരിൽ വാഴക സരളതയാ" എന്നു കണ്വമഹർഷി ശകുന്തളയോടുപദേശിച്ചതായി ശാകുന്തളത്തിൽ പ്രസ്താവിച്ചിരിക്കുന്നു. സമസൃഷ്ടികളാണെന്നു ഉള്ളിൽ കരുതി എപ്പോഴും അവരുടെ നേരെ കരുണ ഗൃഹിണികൾക്കു അവശ്യം ഉണ്ടായിരിക്കേണ്ടതാണ്.

"പതിശുശ്രൂഷണം സ്ത്രീണാം
പരോധർമ്മോഹ്യമായയാ
തദ്ബന്ധൂനാംചകല്യാണ്യ:
പ്രജാനാം ചാനുപോഷണം"

എന്നു നമ്മുടെ മുഖ്യപുരാണമായ ഭാഗവതത്തിൽ ഭഗവദ്വാക്യം തന്നെയായിട്ടു വ്യാസമഹർഷി ഘോഷിച്ചിരിക്കുന്നു. നിഷ്കളങ്കമായഭർത്തൃശുശ്രൂഷ, തൽബന്ധുക്കളിൽ ഉള്ള ആദരം അവരവൎക്കു ഉണ്ടാകുന്ന സന്താനങ്ങളുടെ വേണ്ടുവിധത്തിലുള്ള സംരക്ഷണം ഇവ സ്ത്രീകളുടെ മുഖ്യ മുറകളാണെന്നാണ് ആ ആപ്തവാക്യത്തിന്റെസാരം. മേൽപറഞ്ഞവ ഒക്കെ അനായാസേന സാധിക്കണമെങ്കിൽ സർവ്വോപരിസർവ്വത്രഭൂഷണമായ ഈശ്വരഭക്തി ഉണ്ടായിരിക്കേണ്ടതാണ്. ആ വെളിച്ചത്തിന്റെസാഹായ്യത്തോടുകൂടി ദുഃഖഭൂയിഷ്ഠങ്ങളായ അനേകം കടവുകളെ ആശ്വാസത്തോടെ കടക്കാവുന്നതാണ്. പ്രകൃതിനിയമപ്രകാരം സ്ത്രീ പ്രകൃതിയിൽ വിത്തിൽ അടങ്ങിയ വൃക്ഷത്തിന്റെ ആവിർഭാവംപോലെ ബ്രഹ്മാവു് അതിരഞ്ജനയോടെ യോജിപ്പിച്ചു വെച്ചിട്ടുള്ളതാകുന്നു ഗൃഹഭാരവാസന.

വിഹിതമായ ഗൃഹകൃത്യങ്ങൾകൊണ്ടുണ്ടാകുന്ന വ്യായാമം ദേഹത്തിന്നു ഒരു രക്ഷകൂടിയാണ്. ശരീരത്തെ യാതൊരു ചലനവുംകൂടാതെ വെറുതെവെക്കുന്നതു് ഗുണകരമല്ല. ഭാഗവതത്തിൽതന്നെ അനേകായിരം ദാസികളോടുകൂടിയ ഗോകുലേശ്വരിയായ യശോദയെയല്ലെ, സർവ്വാഭരണഭൂഷിതയായി വെൺപട്ടുടുത്തു, തൈർ കടയുന്നതായും, പശുവിനെ കറക്കുന്നതായുംകൂടി വൎണ്ണിച്ചിരിക്കുന്നതു്? ശാകുന്തളത്തിൽതന്നെ,

"ഒന്നാമതേഴാഴികൾ ചൂഴുമൂഴിയും
രണ്ടാമതീ നിങ്ങടെ ഇഷ്ടതോഴിയും"

എന്നു പറഞ്ഞ ചക്രവൎത്തിയുടെ പട്ടമഹിഷീസ്ഥാനത്തേക്കു പോകുന്ന ശാകുന്തള തന്റെ അച്ഛനോടുള്ള വിരഹസങ്കടം എങ്ങിനെ പൊറുക്കുമെന്നു വിഷാദിച്ചു പറഞ്ഞതിനുത്തരമായി, സർവ്വജ്ഞനായ കണ്വമഹർഷി എന്നെയോൎത്തു ദുഃഖിക്കാൻ നിണക്കു ഇടയുണ്ടാവില്ലെന്നു പറഞ്ഞ ശ്ലോകാൎദ്ധം താഴെ ചേൎക്കുന്നു.

"ശീലേനാപികുലേന, യോഗ്യതമനാം ഭൎത്തുഃപ്രിയാദേവിയായ്
ചാലേപാൎത്തു തദൎത്ഥമായ് ബഹുതരൈഃ കൃത്യൈശ്ച നിത്യാകുലാ"

ഈ "നിത്യാകുലത" ഒരു ചക്രവൎത്തിയുടെ പട്ടമഹിഷിക്കുകൂടി ഒഴിക്കാവതല്ലെന്നല്ലെ വരുന്നതു്. ഇതുതന്നെ ഞാനും അഭിപ്രായപ്പെടുന്നുള്ളു.

ഞാൻ ഇത്രയും പറഞ്ഞതിന്റെ താല്പൎയ്യം ഗൃഹഭാരം ഒഴിച്ചുവേറെ യാതൊരു ഉൽകൃഷ്ടമായ ഉദ്ദേശങ്ങളുമില്ലാതെ ബുദ്ധിവികാസത്തെ മുഴുവൻ അടുക്കളയിൽ പല പലഹാരങ്ങളും മററു പലവിധഭക്ഷണസാധനങ്ങളും രുചിഭേദംപോലെ ഉണ്ടാക്കുന്നതിലും, കേവലം വരവുചിലവു കണക്കുകൾ നോക്കുന്നതിലും, ദേഹബലം കൊണ്ടു അടിച്ചുതളി മുതലായ വീട്ടുപണികൾ ചെയ്യുന്നതിലും ഉപയോഗിച്ചേകഴിയും എന്നല്ല. സ്ത്രീകൾക്കു അവശ്യം എല്ലാദിക്കിലും ദൃഷ്ടി ഉണ്ടായിരിക്കണമെന്നേ ഇതിന്നു അൎത്ഥമുള്ളു. അതു ഉണ്ടായിരിക്കേണ്ടതും ആണ്.

# ഭാഷാന്തരപംക്തി.

മൂലശ്ലോകം

ആഗുൽഫലംബിഘനനീലശിരോജഭാരാ
കേയംപ്രതപ്തകനകോജ്വലകാന്തിപൂരാ
അന്ധീകരോതിനയനാനിശരീരഭാജാം
സന്ധ്യേവപൃഷ്ഠവിലസന്നിബിഡാന്ധകാരാ.

1. പുറവടിവരെ നീലസ്നിഗ്ദ്ധകേശം തഴച്ചു
ള്ളൊരുതരുണിയിതാരോസ്വർണ്ണസാവർണ്ണ്യമുള്ളോരം
തരമൊട്ടുനയനങ്ങൾക്കാന്ധ്യമേകുന്നു കാന്ത്യാ
പിറകിലിരുളുതിങ്ങിത്തൂങ്ങുമസ്സന്ധ്യപോലെ.

പി. സി. അനുജൻരാജ.

2. ഏററംതപിച്ചകനകത്തിനെഴുന്നശോഭ-
യേറവും കറുത്തമുടികാലടിയോളമിട്ടും,
ഇപ്പെണ്ണിതാരി,രുളുപിന്നിൽവഹിച്ചസന്ധ്യ-
യ്യൊപ്പം ജനങ്ങളുടെ കണ്ണിനിരുട്ടുചേർപ്പു.

കെ. ദാമോദരമേനാൻ, (വിദ്യാൎത്ഥി.)

3. കാറൊത്തകുന്തലടിയോളമുലഞ്ഞു, തപ്ത-
ഹേമോജ്വലപ്രഭനിറഞ്ഞുലസിപ്പുമേനി
ആരിക്കൃശാംഗി, മിഴി, മെയ്യൊളിയാൽക്കെടുത്തു
മേവുന്നു, പിന്നിലിരുളേന്തിയ സന്ധ്യപോലെ.

കെ. ബി. ഉണ്ണികൃഷ്ണമേനോൻ, (വിദ്യാൎത്ഥി.)

4. കാർകുന്തൽച്ചാർത്തഴകിനൊടുതൂങ്ങുന്നുഗുൽഫംവരെക്കും
ശോഭിക്കുന്നുതനുവുരുകിവെന്തുള്ളതങ്കത്തിനൊപ്പം
ബാധിക്കുന്നു നയനയുഗളാന്ധത്വമിദ്ദേഹകാന്ത്യാ
ശങ്കിക്കുന്നാരിവളുരുതമഃ പൃഷ്ഠയാം സന്ധ്യപോലെ.

കെ. കൊച്ചുണ്ണിനായർ.

5. തലമുടിയടിയോളം നീണ്ടു കാർമേഘതുല്യം
വിലസുമധികതപ്തസ്വർണ്ണവർണ്ണത്തൊടൊത്തും
മിഴിയെവിഫലമാക്കിത്തീർപ്പുമെയ്ക്കാന്തിയാലെ
വഴിയെയിരുളിണങ്ങുംസന്ധ്യപോലാരിതാവോ?

കെ. എം. നാരായണനെഴുത്തച്ഛൻ.

ഭാഷാന്തരത്തിന്നു്

അയിഖലുവിഷമഃ പുരാകൃതാനാം
ഭവതിഹിജന്തുഷുകർമ്മണാംവിപാകഃ
ശിവശിരസിശിരാംസിയാനിരേജു
ശ്ശിവശിവതാനിലുഠന്തിഗൃധ്രപാദൈഃ.

പ്രസാധകൻ: കേ. സി. കുട്ട്യപ്പനമ്പ്യാർ.

# ചില സാങ്കേതികശബ്ദങ്ങൾ.

(ടി. വി. ആർ. കുറുപ്പ്, ബി. ഏ; എൽ. ടി.)

Achievement-വിജയം, സിദ്ധി.

Administration of Justice-നീതിന്യായഭരണം.

Aeroplane-വ്യോമവിമാനം, ആകാശവിമാനം

Agitation-ക്ഷോഭം.

Alliance-സഖ്യം.

All-important-സർവ്വപ്രധാനമായ.

All-parties' conference-സമസ്തപക്ഷസമ്മേളനം.

Alternative-പാക്ഷികമായി.

Amnesty-ക്ഷമ, മാപ്പ്.

Ancient-പ്രാചീനം, പൗരാണികം.

Annual fancy sale-വാർഷികകൗതുകവിക്രയം.

Applicant-അപേക്ഷകൻ.

Arbitration-മാദ്ധ്യസ്ഥ്യം, മദ്ധ്യസ്ഥതീരുമാനം.

Argue in a circle-ചക്രികമായി വാദിക്കുക

Assert-പ്രതിജ്ഞചെയ്യുക.

Association-സമാജം, പരിഷത്ത്.

Atmosphere-അന്തരിക്ഷം, വായുമണ്ഡലം.

Attack-ആക്രമണം.

Auspices-ആഭിമുഖ്യം.

Authority-അധികാരം.

Authorities-അധികൃതന്മാർ, ഭാരവാഹികൾ.

Average-ശരാശരി.

Avocation-പ്രവൃത്തി, തൊഴിൽ, വേല.

Boycott of foreign goods-വിദേശീയവസ്തുബഹിഷ്കരണം.

Boycott of Legislative Council-നിയമസഭാബഹിഷ്കരണം.

Candidate-സ്ഥാനാർത്ഥി.

Celebrate-ആഘോഷിക്കുക, കൊണ്ടാടുക.

Character-സ്വഭാവം.

Chronological sequence-കാലികാനുപൂർവ്വി, കാലികമായ ആനുപൂർവ്വി.

Cinema-ചലച്ചിത്രം (ചലനചിത്രം)

Civilisation-നാഗരികത്വം

Clapping of the hands-കരതാളം, കരതാളിക (ഹസ്തതാഡനം)

Clash-സംഘട്ടനം, വിരോധം

College day celebration-കോളേജുദിനാഘോഷം.

Commercial School-വാണിജ്യവിദ്യാലയം.

Commercial World-വാണിജ്യലോകം.

Competition-മത്സരം.

Complicated-കുഴപ്പമുള്ള.

Complication-കുഴപ്പം, വൈഷമ്യം

Comprehensive-സമഗ്രമായ.

Concentration-ഏകാഗ്രത.

Conclude-ഉപസംഹരിക്കുക. സമാപിക്കുക.

Concluding speech-ഉപസംഹാരപ്രസംഗം
Condolence-അനുശോചനം.
C. Meeting-അനുശോചനയോഗം.
C. Resolution-അനുശോചനപ്രമേയം.
Conflict-വാദം, വിരോധം, സംഘട്ടനം.
Conflicting-അന്യോന്യവിരുദ്ധമായ, വിപരീതമായ.
Congratulation-അഭിനന്ദനം, അഭിവാദനം, ധന്യവാദം.
Congratulatory meeting-അനുമോദനയോഗം.
Conquest-ദിഗ്ജയം.
Consent-അനുമതി.
Conspiracy-ഗൂഢാലോചന.
Contempt-അവജ്ഞ, നിന്ദ.
Contrary-വിപരീതമായ, വിരുദ്ധമായ.
Controversy-വിവാദം, തക്കം.
Controversial subjects-വിവാദവിഷയങ്ങൾ, വാദഗ്രസ്തവിഷയങ്ങൾ.
Co-operation-സഹകരണം.
Cosmopolitan-സാർവ്വജനീനമായ.
Culture-സംസ്കാരം.
Cumulative effect-സംയുക്തഫലം.
Daily duties-ദൈനന്ദിനകൃത്യങ്ങൾ.
Dangerous-ആപൽക്കരം, അപായകരം.
Debate-വാദപ്രതിവാദം.
Debut-പ്രഥമപരിശ്രമം.
Decline-അധോഗതി.
Defamation-അപകീത്തി, മാനനാശം.
Defeat-പരാജയം, അപജയം.
Defect-ന്യൂനത.
Defence Committee-രാജ്യസംരക്ഷണസമിതി.
Defence force-രക്ഷാസൈന്യം.
Delay-വിളംബം.
Denomination-അഭിധാനം.
Deplorable-ദയനീയമായ, ശോചനീയമായ.
Depressed classes-അധഃകൃതവർഗ്ഗക്കാർ.
Deputation-നിവേദകസംഘം.
Desirable-അഭിലഷണീയം, ആശാസ്യം.
Deterioration-അധഃപതനം.
Deviation-വ്യതിചലനം.
Devotion-ഭക്തി.
Different-വ്യത്യസ്തം, വിഭിന്നം.
Diplomacy-സാമം, നയോപായം.
Directions-നിർദ്ദേശങ്ങൾ.
Disappointment-നിരാശം
Disparity-അതുല്യത, പരസ്പരവ്യത്യാസം.
Distribute-വിതരണം ചെയ്യുക.
Disturbance-ലഹള, കലഹം, അസ്വാസ്ഥ്യം.
Disunion-അനൈകമത്യം.
Diversity-വൈവിദ്ധ്യം
Division-വിഭജനം.
Dominion-ഉപരാജ്യം, പ്രതികാരാജ്യം.
Economic burden-സാമ്പത്തികഭാരം.
Encourage-പ്രോത്സാഹിപ്പിക്കുക.
Energy-ചൈതന്യം, ശക്തി.
Entrance-പ്രവേശനം, ദ്വാരം.
Equal importance-തുല്യപ്രാധാന്യം.
Environment-പരിതസ്ഥിതി, പരിതപ്രദേശം, പരിസരം.
Example-ഉദാഹരണം; മാതൃക, നിദർശനം.

Executive committee–കാര്യകാരിസമിതി
ഭരണനിർവ്വഹണസമിതി.

Exhibition–പ്രദർശനം.

Expectation–പ്രതീക്ഷ.

Experiment–പരീക്ഷണം.

Expert opinion–വിദഗ്ദ്ധാഭിപ്രായം.

Face, confront–അഭിമുഖീകരിക്കുക.

Familiarity–അതിപരിചയം.

Famine relief fund–ക്ഷാമനിവാരണനിധി

Favourable–അനുകൂലമായ.

Federal committee–സംയുക്ത (ഭരണ)
സമിതി.

Federal relation committee–സംയുക്ത
ബന്ധസമിതി.

Finance member–ധനകാര്യസാമാജികൻ

Fine arts–ലളിതകലകൾ, സുന്ദരകലകൾ.

Flag salutation–പതാകാവന്ദനം.

Force–ബലം, ശക്തി, പ്രാബല്യം.

Forcible–ഊർജ്ജിതം.

Foreign affairs–വിദേശീയകാര്യം.

Foreign news–വിദേശവാർത്ത.

Foreign relation–വിദേശബന്ധം.

Form–രൂപവൽക്കരിക്കുക.

Franchise committee–സമ്മതിദാനാവ
കാശസമിതി.

Friendly relation–മൈത്രി.

Garland–ഹാരം അണിയിക്കുക.

Golden deeds–സൽകർമ്മങ്ങൾ, സൽകൃത്യ
ങ്ങൾ, (സുവർണ്ണകൃത്യങ്ങൾ.)

Gospel–സുവിശേഷം.

Gratification–ചാരിതാർത്ഥ്യം, കൃതാർത്ഥത.

Guest–അതിഥി.

Illegal–നിയമവിരുദ്ധമായ.

Imitative instinct–അനുകരണബുദ്ധി.

Impracticable–അപ്രായോഗികം.

Improvement–പരിഷ്ക്കാരം.

Inaugural meeting പ്രാരംഭയോഗം.

Incendiary–ആതതായി.

Incognito–വേഷമറന്നനായി.

Indifference–ഔദാസീന്യം, അനാസ്ഥ.

Individual വ്യക്തി.

Interview–സന്ദർശനം, അഭിമുഖദർശനം,
അഭിമുഖസംഭാഷണം, കൂടിക്കാഴ്ച.

Intricate–കുഴപ്പമുള്ള, ദുരവഗാഹമായ.

Introduce–അവതരിപ്പിക്കുക; പരിചയ
പ്പെടുത്തുക.

Investigation പരിശോധന, അന്വേ
ഷണം.

Invitation–ക്ഷണം, ആമന്ത്രണം.

Irremediable–അപരിഹാര്യം, അപ്രതിവി
ധേയം.

Issue–വാദമുഖം.

Justify–നീതീകരിക്കുക, ന്യായീകരിക്കുക.

Journalism–വൃത്താന്തപത്രപ്രവർത്തനം.

Keen–ഉഗ്രം, ഉൽക്കടം, തീക്ഷ്ണം.

Law-breaking–നിയമലംഘനം.

Lawyer–അഭിഭാഷകൻ, അധിവക്താവു,
നിയമജ്ഞൻ.

Leader–നേതാവ്, നായകൻ, മാർഗ്ഗദർശി.

Leadership–നേതൃത്വം, നായകത്വം.

Leave–അവധി, കല്പന.

Legal–നിയമാനുസൃതമായ.

Limit–അതിർത്തി; പരിമിതമാക്കുക.

Magic Lantern Exhibition–മായാദീപ
പ്രദർശനം.

Medium–സന്ദേശവാഹി.

Member–അംഗം.

Message–സന്ദേശം.

Messenger-ദൂതൻ.

Minority rights committee-ന്യൂനപക്ഷാവകാശസമിതി.

Misunderstanding-ദുർധാരണ, മിഥ്യാധാരണ.

Moderation-മിതാവസ്ഥ.

Moral-നൈതികം, സദാചാരപരം.

Municipal Council-നഗരസഭ.

Murder-കൊലപാതകം, കൊലക്കുററം.

National Flag-ദേശീയപതാക.

National song-ദേശീയഗാനം.

Natural-സ്വാഭാവികം

Non-official-അനുദ്യോഗസ്ഥസംബന്ധിയായ.

N-o-member-അനുദ്യോഗസ്ഥാംഗം, അനുദ്യോഗസ്ഥസാമാജികൻ.

Observation-നിരീക്ഷണം.

Obstacle, obstruction പ്രതിബന്ധം, വിഘാതം, തടസ്ഥം.

Official party-ഉദ്യോഗസ്ഥപക്ഷക്കാർ.

Open declaration-പ്രത്യക്ഷപ്രഖ്യാപനം.

Open letter-പ്രത്യക്ഷപത്രം.

Opening ceremony-ഉൽഘാടനകമ്മം.

Opening speech-ഉപക്രമപ്രസംഗം, പ്രാരംഭപ്രസംഗം.

Oriental-പൗരസ്ത്യം.

Orthodox-മതനിഷ്ഠയുള്ള, ശാസ്ത്രമതാനുസാരിയായ.

Ostracism-ബഹിഷ്കരണം, നിർവാസനം.

Oxidental-പാശ്ചാത്യം.

Pardonable-ക്ഷന്തവ്യം.

Partiality-പക്ഷപാതം.

Participate-പങ്കുകൊള്ളുക, ഭാഗഭാക്കാവുക.

Patron-രക്ഷാധികാരി.

Peace conference-സമാധാനസമ്മേളനം.

Percentage-ശതമാനം.

Plenary conference-സമ്പൂർണ്ണ സമ്മേളനം.

Prayer-അപേക്ഷ, പ്രാത്ഥന, അഭ്യത്ഥന.

Presence-സാന്നിദ്ധ്യം.

Presence of mind-പ്രത്യുല്പന്നമതി.

President-സഭാദ്ധ്യക്ഷൻ, സഭാനാഥൻ, അഗ്രാസനാധിപതി.

Presidency-ആദ്ധ്യക്ഷ്യം, അദ്ധ്യക്ഷത.

Prevention-പ്രതിവിധി, നിവാരണമാർഗ്ഗം.

Pride ഗർവ്വം, അഭിമാനം.

Private secretary സ്വകാര്യകാര്യദർശി.

Privilege അവകാശം. P. Leave-അവകാശക്കല്പന

Proceedings of the meeting-യോഗനടപടികൾ.

Procession-ഘോഷയാത്ര.

Professional morality-വൃത്തിനീതി.

Progress അഭിവൃദ്ധി, ഉന്നമനം.

Prohibition order-നിരോധനാജ്ഞ.

Prominence-പ്രാധാന്യം.

Promulgate-പ്രസിദ്ധിപ്പെടുത്തുക, പരസ്യപ്പെടുത്തുക.

Propaganda-പ്രചരണം.

Propagate-വ്യാപിപ്പിക്കുക, പ്രചരിപ്പിക്കുക.

Proportion തോത്.

Propose-അവതരിപ്പിക്കുക.

Prospectus കാര്യവിവരണപത്രം.

Provident Fund-രക്ഷാഭോഗനിധി.

Public-പൊതുജനം, ജനസാമാന്യം.

Publication-പ്രസിദ്ധീകരണം, പ്രസിദ്ധീകൃതപുസ്തകം.

Publicity-പ്രചാരം, പ്രസിദ്ധി.
Public man ജന(പൊതു)കാൎയ്യപ്രസക്തൻ.
Public meeting-പൊതുയോഗം.
Public opinion-പൊതുജനാഭിപ്രായം.
Pupil teacher-അദ്ധ്യാപകവിദ്യാൎത്ഥി.
Qualification യോഗ്യത, സ്ഥാനയോഗ്യത.
Quote-ഉദ്ധരിക്കുക.
Quotation ഉദ്ധൃതം ഉദ്ധരണം.
Raid-കയ്യേററം, ആക്രമണം.
Reaction-പ്രത്യാഘാതം.
Reality-യാഥാൎത്ഥ്യം.
Reception-സ്വീകാരം.
Reception committee-സ്വീകാരസംഘം.
Reconstruction-പുനൎഘടനം, പുനരുദ്ധാരണം.
Re-establish-പുനഃസ്ഥാപിക്കുക.
Religious-ധാൎമ്മികം, മതസംബന്ധിയായ
Remedy-പ്രതിവിധി, പരിഹാരമാൎഗ്ഗം.
Research society-ഗവേഷണസമിതി.
Respectively-യഥാക്രമം, യഥാസംഖ്യം.
Retribution-പ്രതികാരം, പ്രതിക്രിയ.
Retrogression-അധോഗതി.
Royal power-രാജകീയാധികാരം.
Royal proclamation-രാജകീയവിളംബരം.
Sanctity-പവിത്രത, പാവനത.
Safeguard-രക്ഷാമാൎഗ്ഗം.
Second-യോജിക്കുക, അനുവദിക്കുക.
Self-control-ആത്മസംയമനം.
Self-defence-ആത്മരക്ഷ.
Self denial-സ്വയംത്യാഗം, ആത്മത്യാഗം
Self-help-സ്വയംസഹായം.
Self-sacrifice-ആത്മാൎപ്പണം.
Self-satisfaction-ആത്മതുഷ്ടി, ആത്മസന്തുഷ്ടി.
Send-off-യാത്രയയപ്പ്, പ്രസ്ഥാപനം.
Sense-ബോധം.
Sense of Unity-ഐക്യബോധം.
Service society-സേവാസംഘം.
Separation committee-വിഭജനസമിതി.
Social-സാമുദായികം.
Social structure-സമുദായസംഘടന.
Society-സമുദായം; സംഘം, സമിതി.
Soul-force-ആത്മീയശക്തി.
Special meeting-പ്രത്യേകയോഗം.
Statement-വാങ്മൊഴി, കൈപ്പീത്ത്.
Stimulating-ഉത്തേജകമായ.
Structure-ഘടന.
Sub-committee-ഉപസമിതി.
Sub-conscious-സ്വബോധാതീതമായ.
Sub Division-അവാന്തരവിഭജനം.
Submit-സമൎപ്പിക്കുക.
Sufficient-പര്യാപ്തമായ.
Suicide-ആത്മഹത്യ.
Summary-സംഗ്രഹം.
Supplement-ഉപപത്രം.
Support-അനുകൂലിക്കുക, അനുഗ്രഹിക്കുക.
Temperance-മദ്യവൎജ്ജനം.
Temptation-പ്രലോഭനം.
Tension-ഭിന്നത, ഭിന്നിപ്പ്, സ്പൎദ്ധ.
Thick-നിബിഡം.
Trade Union-വണിങ്മണ്ഡലം.
Training-പരിശീലനം.
Treason-രാജദ്രോഹം, രാജദ്രോഹകുററം.
Trial-വിചാരണ.

Tricolour flag–ത്രിവർണ്ണപതാക.
Unemployment–ജീവികാഭാവം, വൃത്ത്യഭാവം, തൊഴിലില്ലായ്മ.
Unfavourable–പ്രതികൂലമായ.
Unity–ഐക്യം.
Unity in diversity–നാനാത്വത്തിലുള്ള (വൈവിദ്ധ്യത്തിലുള്ള) ഐക്യം.
Universal–സാർവ്വലൗകികമായ, സാർവ്വത്രികമായ, സർവ്വസാമാന്യമായ.
Unveil–അനാച്ഛാദനം ചെയ്യുക.
Ultimate–പാര്യന്തികമായ, ചരമമായ.
Urgent proposal–ആത്യയികപ്രമേയം.
Up to this time–ഏതൽക്കാലപര്യന്തം.
Visible–ദൃശ്യം, ദൃഷ്ടിഗോചരം.
Visitor–സന്ദർശകൻ.
Vote of thanks–കൃതജ്ഞതാപ്രകടനം.
War council–സമരസമിതി.
Welcome–സ്വാഗതം.
Well-wisher–അഭ്യുദയകാംക്ഷി.
Withdraw–പിന്മാറുക, പിന്തിരിയുക.
Worth-mentioning–വക്തവ്യം, പ്രസ്താവയോഗ്യം.

4 MAR 1933